


# നമുക്കു പ്രാർത്ഥിക്കാം

ലളിതാ ലെനിൻ

# നമുക്കു പ്രാർത്ഥിക്കാം

ലളിതാ ലെനിൻ

SAYAHNA • FOUNDATION

**Namukku prārttikkām** (നമുക്കു പ്രാർത്ഥിക്കാം)
(Malayalam: poems)
Lalitha Lenin

Sayahna digital edition published in 2022.

Copyright © 2022, Lalitha Lenin

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Camille or The Woman in the Green Dress* (1866), an oil on canvas painting by Claude Monet (1840–1926). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

SAYAHNA • FOUNDATION •

# ഉള്ളടക്കം


| | | |
|---|---|---|
| 1 | അരുന്ധതി | 1 |
| 2 | തെറ്റും ശരിയും | 5 |
| 3 | കൺകെട്ട് | 7 |
| 4 | മാനം | 12 |
| 5 | കണിക്കൊന്ന | 16 |
| 6 | സാവിത്രിയുടെ ചിറകുകൾ | 18 |
| 7 | സീതയുടെ നിഴൽ | 21 |
| 8 | കള്ളം പറയുന്നവർ | 24 |
| 9 | തിരിച്ചറിവ് | 28 |
| 10 | നമുക്കു പ്രാർത്ഥിക്കാം | 31 |
| 11 | തീ വിഴുങ്ങിപ്പക്ഷി | 34 |
| 12 | അക്ഷരം | 37 |
| 13 | ചരിത്രത്തിലെ തമാശകൾ | 40 |
| 14 | ഉറങ്ങുന്ന രാജകുമാരി | 43 |
| 15 | കരിയെറുമ്പുകൾ | 46 |
| 16 | സന്ധ്യയിൽ ജനൽ തുറക്കുമ്പോൾ | 48 |
| 17 | തിന്നതും കൊന്നതും | 51 |
| 18 | ദൂരം | 53 |
| 19 | ഭിക്ഷ | 55 |
| 20 | വാക്കിന്റെ വരി | 58 |
| 21 | ശൂന്യം | 62 |
| 22 | കാറ്റു പറയുന്നത് | 64 |
| 23 | വിറക് | 67 |

| | | |
|---|---|---|
| 24 | ഇടം | 69 |
| 25 | വിനോദസഞ്ചാരി | 71 |
| 26 | ഘടാകാശം | 74 |
| 27 | മരം | 76 |
| 28 | മൗനം | 78 |
| 29 | താക്കോൽ | 82 |
| 30 | കല്ലുകൾ | 84 |
| 31 | കുഞ്ഞിപ്പെണ്ണുങ്ങൾ | 87 |

— 1 —

# അരുന്ധതി

അരുന്ധതിയുടെ കണ്ണീർ വറ്റിയിരിക്കുന്നു!
അവളെന്റെ മകളാണ്
എന്റെ സ്നേഹത്തിനിരയാകാൻ
വിധിക്കപ്പെട്ടവൾ!

അടിവരണ്ട തടാകംപോലെ
പളുങ്കുമിഴികളിൽ നീലിമയില്ല,
തിരയനക്കമില്ല,
പ്രളയങ്ങൾക്കും കൊടുങ്കാറ്റുകൾക്കും മീതെ,
ഉച്ചസ്ഥമായ മൗനങ്ങൾക്കു താഴെ,
ചുരുട്ടിയിട്ടൊരു സമസ്യപോലെ
അവളെന്നുള്ളിൽ കൊളുത്തി വലിക്കുന്നു.

വയസ്സിരുപത്!
നിലവിളക്കും നെയ്പായസവും
ജന്മദിന സ്മരണകളും
വിറളിപിടിപ്പിക്കുമ്പോൾ,
മൃതപ്രായമായ സ്വപ്നങ്ങളുടെ
ശവക്കച്ചയിൽ പൊതിഞ്ഞുവച്ച
വാക്കുകൾ അഴിച്ചെടുത്ത്
വജ്രധൂളികളായി നീറ്റിയെടുക്കുന്നു.

അരുന്ധതീ, എന്റെ ഓമനേ!
സ്വപ്നശല്ക്കമണിഞ്ഞ
മത്സ്യകന്യകപോലെ
എന്റെ ഗർഭപാത്രത്തിന്റെ

സുഖനിർവൃതിയിൽ നീയുറങ്ങുമ്പോൾ
മഹാധ്യാനത്തിലമർന്ന ഞാൻ
മുങ്ങിനിവരുന്നത്
ഇതാ, ഇപ്പോഴാണ്!

ആകാശങ്ങളോ
അടവികളോ
അനന്തസാഗരങ്ങളോ
നിനക്ക മുന്നിലില്ലെന്ന്
ഞാനറിയുന്നതിപ്പോൾ!

വകഞ്ഞുമാറാത്ത സമുദ്രശിരസ്സിലൂടെ,
തീപ്പാതയിലൂടെ,
പ്രപഞ്ചതാളങ്ങളുടെ നെഞ്ചിൽ ചവിട്ടി,
ഉള്ളുരുകുന്ന ഉൽക്കയായ്
നിഴൽ വീഴ്ത്താതെ നീ കടന്നുപോകുമ്പോൾ
തിമിംഗലങ്ങളുടെ ശീതരക്തത്തിൽ
വജ്രത്തരികൾ പാറിവീണ്
ആസുരപ്രകമ്പനങ്ങളുണ്ടാകുന്നു!

അർത്ഥശൂന്യമായ സ്വാഗതങ്ങളുടേയും
യാത്രാമൊഴികളുടേയും
കടുംചായക്കൂട്ടിൽ മേളിക്കുന്ന
കൂട്ടുകാർക്ക്  നീ അന്യയായിക്കഴിഞ്ഞു.
സ്വർണ്ണപഞ്ജരത്തിലെ
ശുകമിഥുനങ്ങളുടേയും
അനന്തവിശാലതയിലെ
കടലാമകളുടേയും
കഥകളിൽ നിനക്കിന്നിമ്പമില്ല.

മകളേ,
നിനക്കാരുണ്ട്  തുണ?
പ്രജാപതികളായ സപ്തർഷികളുടെ,
അരൂപികളായ ഗന്ധർവഗണങ്ങളുടെ
അകമ്പടിയുണ്ടോ?
ഇല്ല, നീയേകയാണ്!
എന്നും!-അംബയെപ്പോലെ,
ചിലപ്പോൾ ദ്രൗപദിയെപ്പോലെ!

പൂച്ചയെപ്പോലെ പതുങ്ങി,
ഇരുണ്ട ഇടവഴികളിലൂടെ
നിനക്കു കാവൽമാലാഖയാവാൻ
ഉഴറിപ്പിടയുന്ന എന്റെ ദർശനം
നിന്നെ അലോസരപ്പെടുത്തുന്നുവോ?

അമംഗലസൂചനയോടെ
നീയെന്റെ കെട്ടുതാലിയിൽ നോക്കുമ്പോൾ,
മാതൃത്വത്തെ പശുത്തൊഴുത്തിലെ
ദുർഗന്ധംപോലെ വെറുക്കുമ്പോൾ,
സ്വന്തം പേരെടുത്ത്[1] അമ്മാനമാടുമ്പോൾ
നിന്നിലെ രാസമാറ്റം ഞാനറിയുന്നു!

കുഞ്ഞേ,
നീ വിശുദ്ധിയുടേയും നക്ഷത്രങ്ങളുടേയും
പകയായി മാറുകയാണോ?
കത്തുന്ന സുഗന്ധവും രക്തദാഹവും മുറ്റിയ
യക്ഷിപ്പാലയായ്,
പച്ചയിരുട്ടു പുതഞ്ഞുകിടക്കുന്ന
സർപ്പക്കാവുകളിൽ മാണിക്യം നഷ്ടപ്പെട്ട്
ഊർദ്ധ്വദൃഷ്ടിയോടെ ഉലഞ്ഞാടുന്ന
കൃഷ്ണസീൽക്കാരമായ്
മാറുകയാണോ?

വെട്ടിത്തിളങ്ങുന്ന
നിന്റെ മൂക്കുത്തിക്കു താഴെ,
ചുവപ്പിറ്റുന്ന ചുണ്ടുകൾക്കിടയിലൂടെ
നീണ്ടുവരുന്ന കോമ്പല്ലുകൾ
എന്നെ അസ്വസ്ഥയാക്കുന്നു!

അരുന്ധതീ,
നിന്റെ വിണ്ടുകീറിയ ഹൃദയത്തിലേക്കു നോക്കാൻ
എനിക്കു ഭയമാണ്.
കുഴിച്ചു കുഴിച്ചു നീയതു്
ഒരാഴക്കിണറാക്കിയിരിക്കുന്നു!

അവിടെ, പ്രാണവായുവില്ലാതെ

---

1 ഒരിക്കലും ധർമ്മത്തെ രോധിക്കാത്തവൾ അരുന്ധതി.

മെഴുകുതിരികൾ കെട്ടുപോകുന്നു,
ഗഹനമായ ഇടിമുഴക്കങ്ങൾ
മിന്നൽപ്പിണരുകളടക്കി
കുടുങ്ങിയമരുന്നു!

മകളേ,
എന്നിൽനിന്നെത്രയോ അകലെ
ധ്രുവദീപ്തിയിൽ നീ കിതച്ചു നീങ്ങുന്നത്
ഞാൻ കാണുന്നു.
നഷ്ടപ്പെട്ട നിനക്കുവേണ്ടി
ഞാനെത്ര കാതം നടക്കണം!
എനിക്കുവേണ്ടി നീയും!

(കലാകൗമുദി, 1996)

— 2 —

# തെറ്റും ശരിയും

ഞാൻ എന്തൊക്കെയോ
ചെയ്തുകൊണ്ടിരിക്കുന്നു...
എന്തു ചെയ്യണമെന്ന്
നീയെന്നോട്ട് പറയാത്തതിനാൽ
ഞാൻ എന്തൊക്കെയോ
ചെയ്തുകൊണ്ടിരിക്കുന്നു!

ഇരട്ടപെറ്റ തെറ്റും ശരിയും
ദിനരാത്രങ്ങൾക്കിടയിലെ
ഊടുവഴിയിൽ ഉരുമ്മിനിന്ന്
കറുപ്പും വെളുപ്പും തുന്നിയ
തോരണം തൂക്കുമ്പോൾ
കർമ്മകാണ്ഡങ്ങളുടെ
അർത്ഥമറിയാതെ
ഞാൻ അമ്പരന്നു നില്ക്കുന്നു!

സ്വാതന്ത്ര്യത്തിന്റെ പറുദീസയിലും
ദലിത ദൈന്യങ്ങളുടെ ചതുപ്പുകളിലും
ചാതുർവർണ്ണ്യത്തിന്റെ ചതുരംഗത്തട്ടിലും
സംവരണത്തിന്റെ സമതലത്തിലും
ഇരട്ടകൾ പൊട്ടിച്ചിരിക്കുമ്പോൾ
കാറ്റടിച്ചു പൊഴിയുന്ന ഇലകൾ
കരിഞ്ഞമരുന്നു.
കൂട്ടിയടിക്കാതെ തുള്ളിമറിയുന്ന
ത്രാസിൻതട്ടുകൾക്കിടയിലൂടെ നീളുന്ന

സൂര്യകിരണങ്ങൾ
പുതിയ പൊടിപ്പുകൾക്ക്
തുടുപ്പും തുടിപ്പും പകരുന്നു.
തുടക്കമില്ലാത്ത
തുടർക്കഥപോലെ,
വരമ്പുകളില്ലാത്ത
വയൽപ്പരപ്പുപോലെ
സങ്കീർണ്ണമായ അതിവിശാലത
എന്നെ വിഭ്രമിപ്പിക്കുന്നു.

ആകാശംപോലെ ഭൂമിയും
അതിരുകളില്ലാതെ പരന്നൊഴുകുമ്പോൾ
നേർവഴിയേതെന്ന് ചോദിക്കുന്ന
ഒരു പഥികനുമില്ല!

അക്ഷൗഹിണികൾക്കു മുന്നിൽ
കാറ്റടിച്ചലറുന്ന
കൊടിക്കൂറകൾക്ക് അപസ്മാരം!
മഹാശംഖങ്ങൾക്ക് മൗനം!

രാജ്യം വിറ്റൊഴിഞ്ഞ
ഭണ്ഡാരങ്ങളിലും
ന്യായം തൂക്കിവില്ക്കുന്ന
അന്യായച്ചന്തകളിലും
കണക്കുകൂട്ടുന്ന കംപ്യൂട്ടറിലും
തെറ്റും ശരിയും തമ്മിൽത്തമ്മിൽ
കലമ്പാതെ അടങ്ങിക്കിടക്കുന്നു.

ഉണർത്തുപാട്ടിലുതിരുന്ന
നൂറും പാലും വെടിഞ്ഞ്
സർപ്പസന്തതികൾ പായുന്നതെങ്ങോട്ട്?
അമൃതഗന്ധമൂഴിഞ്ഞ
ദർഭാങ്കുരങ്ങളിലേക്കോ?
ജനമേജയന്റെ
യാഗശാലയിലേക്കോ?

(സാഹിത്യലോകം, 1996)

— 3 —

# കൺകെട്ട്

എന്റെ മുഖത്തൊരു
കറുത്ത തുവാല പാറിവീണു,
അകമ്പടിയില്ലാതെ,
ആരവങ്ങളില്ലാതെ!
വിമോചനമന്ത്രത്തിന്റെ
സ്വർണനൂൽകൊണ്ട്
വക്കുരുട്ടിത്തയ്ച്ച കറുത്ത തുവാല!

മതിൽക്കെട്ടുകളുടഞ്ഞ്
കമാനങ്ങളുയരുന്നത്
സ്വപ്നം കണ്ടുണർന്ന
ഉയിരാകെ പൊട്ടിത്തരിച്ചു.
അരയിൽ ചുറ്റുന്ന കരങ്ങൾ
പെട്ടെന്ന് മുറുകി:
"അമ്മേ! വലിച്ചെറിയൂ
കറുത്ത തുവാല!"

നിൽക്കുന്നത് താമരയിലയിലോ
വറവുചട്ടിയിലോ?
ആഴക്കയങ്ങളിൽ
അമർന്നുലാത്തുന്ന നീരാളികളെ മറന്ന്
ചക്രവാകിയുടെ നിശ്ശബ്ദരോദനമായി
പൂർവ്വോദയം കിനാവു കണ്ട്
രാവുറങ്ങിത്തീർക്കണോ?
എരിതീയിലുരുകുന്ന

സിരാപടലങ്ങൾ ചുരുട്ടി
പ്രപഞ്ചഗോപുരത്തിലേക്കെറിഞ്ഞ്
ഉറക്കമില്ലാത്ത ആരോഹണം തുടങ്ങണോ?
എനിക്കു ചുറ്റും
ജലശീകരങ്ങളുടെ സാന്ത്വനമില്ല,
കറുത്തു കുറുകിയ ചോര
തിളച്ചുയരുന്ന ആവിമാത്രം!
ഇല പൊഴിയുന്ന ശിശിരത്തിന്റെ
അസ്ഥിപഞ്ജരത്തിൽനിന്ന്
അവസാനത്തെ പച്ചത്തരിയും റാഞ്ചാൻ
വട്ടംചുറ്റുന്ന വേനൽക്കഴുകന്മാർ!

എനിക്കു ചുറ്റും
നെടുവീർപ്പുകൾ, നിലവിളികൾ
ഉടഞ്ഞ ചിരികൾ, ജല്പനങ്ങൾ
കയറിൽ കുരുങ്ങുന്ന അട്ടഹാസങ്ങൾ!
അവയെന്നെ ചുട്ടുനീറ്റുമ്പോൾ
അതാ,
അരഞ്ഞാണിന്റെ ശീതളസ്പർശം!
ഒറ്റച്ചിലമ്പിലെ വജ്രത്തരികളിൽ
സൗമ്യരാഗമായത് ഇറ്റുവീഴുമ്പോൾ
വളരെപ്പതുക്കെ ഒരു നിമന്ത്രണം:
“അരുത്, കൺകെട്ടരുത്!”

ഞാനറിയുന്നു,
അത് ഗാന്ധാരിയാണ്!
സതീത്വത്തിന്റെ
സുഗന്ധഭാരം പേറുന്ന മാതൃത്വം!
ആന്ധ്യത്തിൽ ചാലിച്ച മുലപ്പാലുകൊണ്ട്
നിറദീപങ്ങൾക്കു പകരം
നൂറു പന്തങ്ങൾ ജ്വലിപ്പിച്ചവൾ,
ഒരു ശപഥത്തിന്റെ ഗ്രീഷ്മാതപംകൊണ്ട്
കുലം ചാമ്പലാക്കിയ ജന്മപാപം
ഏറ്റുപറയുന്ന പാവം കുലസ്ത്രീ!

എനിക്കറിയാം,
സുയോധനൻ വിശന്നുപൊരിഞ്ഞത്

അദൃശ്യനയനങ്ങളിലെ
അമൃതകിരണത്തിനായിരുന്നു,
ബാല്യകൗമാരങ്ങളിൽ
നെഞ്ചുരുകിപ്പിടഞ്ഞത്
സമുദ്രഗർഭത്തിലെ
ശാന്തിമന്ത്രത്തിനായിരുന്നു,
തുടയരഞ്ഞുകിടക്കുമ്പോഴും
ഉള്ളിടഞ്ഞ് കയർത്തത്
ആ കൺകെട്ടിനോടായിരുന്നു!

ഇരുട്ടിൽനിന്ന് പിറന്ന്
ഇരുട്ടിൽ വളർന്നവർ
പ്രളയരാത്രിയായ് പരിണമിച്ചത്
എങ്ങനെയെന്ന്
അമ്മയറിയുന്നു!

എങ്കിലും,
എനിക്കീ കറുത്ത തുവാല
വലിച്ചെറിയുക വയ്യ!
യുഗങ്ങളുടെ വിളുമ്പിൽനിന്നടരുന്ന
കനൽച്ചീളുകൾ
എന്റെ നെഞ്ചിൽ ഒരു ചിത കൂട്ടിയിരിക്കുന്നു.
ത്രേതായുഗത്തിന്റെ ധർമഗീതയിൽനിന്നൊരു
അഗ്നിസാക്ഷ്യം!
ദ്വാപരത്തിന്റെ കരിങ്കാറിൽനിന്നൊരു
വസ്ത്രദൈന്യം!
കന്യാദാനത്തിനും കന്യാദഹനത്തിനും
അഗ്നിതന്നെ സാക്ഷി!
സാക്ഷ്യങ്ങളും ദൈന്യങ്ങളും
ചരിത്രത്തിലെ കടുംകെട്ടുകൾ!
ആരുമതഴിക്കുന്നില്ല-
സ്വർണം കെട്ടിയ രുദ്രാക്ഷമാക്കി
നാമസങ്കീർത്തനങ്ങളിൽ പൊതിഞ്ഞ്
കാലപുരുഷന്റെ മെതിയടിയിലർപ്പിക്കുന്നു!
നെഞ്ചു പൊട്ടിയ രുദ്രാക്ഷരോദനം
യുഗാതിവർത്തിയായൊരു
ആർത്തനാദമായ്,

അണുപ്രസരമായ്,
എനിക്കു ചുറ്റും പൊരിഞ്ഞു പരക്കുന്നു!
ഉരുകിയ ലാവയായ്
അതെന്റെ ശ്രവണപുടങ്ങളിൽ
അള്ളിപ്പിടിക്കുന്നു!

ഇതാ,
എന്റെ ഹൃദയത്തിനും
തുള വീണുകഴിഞ്ഞു!
ഉറക്കംനടിക്കുന്നവർക്ക്
ഉണർത്തുപാട്ടില്ലെന്നറിയുമ്പോൾ
എനിക്കീ കറുത്ത തുവാല
വലിച്ചെറിയുക വയ്യ!
ഇതുകൊണ്ട്
കണ്ണു കെട്ടുന്നില്ല,
കാതു പൊത്തുന്നില്ല,
ചോര വാലുന്ന നെഞ്ചിൽ
ചേർത്തുവച്ചമർത്തുന്നു-അത്ര മാത്രം!
കറുപ്പിലും സ്വന്തം ചോര തിരിച്ചറിയുന്നവരേ,
എന്നാണത്
ഒരേയൊരു
കൊടിയടയാളമാവുക?

ദേശാഭിമാനി വാർഷികപ്പതിപ്പ്, 1996

## മണ്ണുണ്ണി

മണ്ണുതിന്നുകെന്നുണ്ണീ മനോജ്ഞമാം
വായ്മലരിൽ പരാഗവും തേനുമായ്!
പുഞ്ചിരിയിൽ കുതിർന്നൊരിക്കാഴ്ച തൻ
വിസ്മൃതിയിൽ വിലയിപ്പു വിശ്വവും!
ആരുമാരും രുചിക്കാതെ പാഴില
വീണുവീണു കിടന്നൊരീ മൺകനി-
ക്കിത്രസ്വാദെന്നറിഞ്ഞു വിടരുന്നു-
ണ്ടത്ഭുതാഹ്ലാദ ലോകങ്ങളൊക്കെയും-
പങ്കുപറ്റാൻ മണം പിടിച്ചെത്തിടും
തേനെറുമ്പിനുമില്ലാ തരിമ്പെന്ന്
തിന്നുതീർക്കയാണുണ്ണി തിരക്കിട്ടു

കൈവശം വന്ന മണ്ണപ്പമൊക്കെയും.
വായ് പൊളിച്ച പ്രപഞ്ചങ്ങൾ കാട്ടുവാൻ
ഇല്ല നിൻപക്കൽ ജാലങ്ങളെങ്കിലും
വേണ്ടവൃതിക്കുരുക്കിലാക്കീടുവാൻ
ഇല്ല നിൻ ചുണ്ടിൽ താളങ്ങളെങ്കിലും
കൈപിടിച്ചു വിലക്കയില്ലാ രുചി-
ഭേദമോർത്തു വിലപിക്കയില്ലമ്മ
മണ്ണിനിന്നെന്തു പൊൻവില, പൊന്നുണ്ണീ
മണ്ണുതിന്നുന്ന ശൈശവം സുന്ദരം!

(കേരള യൂണിവേഴ്സിറ്റി വിമൻസ് ക്ലബ് സുവനീർ, 1995)

— 4 —

## മാനം

നേരം പുലർന്നെന്റെ മുറ്റത്തു മാത്രമായ്
നീലിച്ചുനില്ക്കുന്നു മാനം!
അപ്പുറത്തിപ്പുറത്തോരോരോ വെളിച്ചങ്ങൾ
ആരോ മുറിക്കുന്നു മൗനം!
പുള്ളും പിറാവും കുറുകിക്കുടഞ്ഞിളം-
മാവിന്നുറക്കം തെളിഞ്ഞു,
ദൂരെക്കിരാതന്റെ വായിലെ ചോപ്പുപോൽ
ആടിക്കുറുപ്പും തുടുത്തു!
എന്നും വരാറുള്ള നേരം കഴിഞ്ഞുപോയ്
റോസിലിക്കിന്നെന്തു പറ്റി?

പാൽവണ്ടിയോടൊപ്പമോടി, തെരുവിലെ
നായ്ക്കളെക്കല്ലെറിഞ്ഞാട്ടി,
അമ്മപെങ്ങന്മാർ തിരിച്ചറിവില്ലാത്തൊ-
രേഭ്യരെക്കാർക്കിച്ചുതുപ്പി,
നാട്ടുപഞ്ചായത്തു മത്താപ്പു കത്തിച്ച
നിർഭീതയായ്  വന്നു നിത്യം
കാട്ടും പടലും പിടിച്ചൊരെൻ മാനസ-
മല്പം വെട്ടുപ്പാക്കി, യൊപ്പം
മുറ്റവും തൂത്തുവെളുപ്പിച്ചു പോകുന്ന
റോസിലിക്കിന്നെന്തു പറ്റി?

നെഞ്ചിൽ കലക്കമില്ലാത്തവൾ, നേർക്കുനേ-
രോങ്ങുന്ന വാളാണ്  വാക്കിൽ.
മച്ചിൽ തൊടാതെ ചിരിക്കുമെൻ മാന്യത

വായ്പൊത്തി നില്പവൾ മുന്നിൽ!
കുന്നിൻ മുകളിലെ കോളനിമൂപ്പനെ
തീക്കറ്റകൊണ്ടു ചെറുത്തോൾ,
ഒറ്റയ്ക്ക ചേറ്റുന്ന കൊറ്റിനാൽ പോറ്റുന്ന
വല്യേച്ചിയാണവൾ വീട്ടിൽ.
അങ്കം പയറ്റാൻ ഉറുമി, യുടവാൾ,
പരിചപ്പരിചയമില്ല,
ജീവിതം വേവിച്ച കാരിരുമ്പിൻ കൈയി-
ലായുധം വേറെന്തു ചേരും?

രാകിപ്പൊടിഞ്ഞു നക്ഷത്രം തിരികെട്ടു
വീഴാം തിമിരച്ചുഴിയിൽ
ഭൂവിൻ ഹിരണ്മയ സ്വപ്നം-കറയറ്റ
സ്നേഹം-ജ്വലിച്ചതിൻ ചാരം...

ഓർമ്മകൾ ചിന്നി, പിടഞ്ഞു ഞാൻ, വാതില്ക്ക-
ലാരോ വിതുമ്പുന്നധീരം,
എണ്ണക്കറുപ്പിൻ തിളക്കമില്ലാതവൾ
പാറിപ്പറന്നു നില്ക്കുന്നു!

എന്തെന്ന ചോദ്യം വഴിഞ്ഞി, ല്ലതിൻ മുമ്പു
നെഞ്ചം നെടുകെപ്പിളർന്നാൾ,
തീനാമ്പു നീളും കുഴിഞ്ഞകൺ മൂർദ്ധാവി-
ലേറ്റി നിന്നാരെശ്ശപിപ്പൂ?

"ഡെയ്സിമോൾക്കാപത്തുപറ്റി, ഞാനിന്നലെ
ആസ്പത്രിയിൽ കൊണ്ടുപോയീ,
കണ്ടാലറയ്ക്കുന്ന കശ്മലൻ! ഞാനവ-
നന്തകയായിട്ടും തീർച്ച!"

സാന്ത്വനം ചൊല്ലി, പുകയടുപ്പുതി-
ജ്വലിപ്പിച്ചപോലതു കേൾക്കെ,
ജന്മാന്തരങ്ങളിലൂടെയൊലിച്ചെൻ
ശിരസ്സിലും വീഴുന്നു ലാവ!

അഞ്ചു വയസ്സിൻ തെളിച്ചം, വെളിച്ചമാ-
ണോമനക്കുഞ്ഞനിയത്തി,
ചെല്ലക്കുരുവിതൻ കൊഞ്ചൽ നുണയുന്ന
റോസിലിയാണവൾക്കമ്മ!

ചേച്ചിമാർക്കൊപ്പം പതിവുപോൽ സ്കൂളിലേ-
ക്കന്നു പോകേണ്ടെന്നുരച്ചു,
ചാറ്റൽമഴയിൽക്കുളിച്ചു പനിച്ചുട്ടു
കൂട്ടരുതെന്നും പറഞ്ഞു,
തുളിപ്പൊടിയരിക്കഞ്ഞി മൺചട്ടിയിൽ,
ചോട്ടിൽ കനലിട്ടുവെച്ചു,
ഉച്ചയ്ക്ക ചമ്മന്തി ചേർത്തുകൊടുക്കുവാൻ
ഓടിക്കിതച്ചു ചെന്നാറെ,

"അപ്പുറത്തുള്ളവൻ, അമ്മാവനായ് നടി-
ച്ചെൻ കുഞ്ഞിനിഷ്ടം കവർന്നോൻ...
എങ്ങനെ ചൊല്ലുമെന്നോമൽ കിടപ്പതു
കണ്ടാൽ സഹിക്കുവോരാര്?"
വേണ്ട, പറയാതറിഞ്ഞെൻ സിരകളിൽ
കാളിന്ദിയാർത്തിരമ്പുന്നു,
ചെന്നിണമൂറ്റിക്കുടിച്ചു ഫണീന്ദ്രൻ
കുടഞ്ഞിട്ട പൈക്കിടാവല്ല,
മഞ്ഞിറ്റുനില്ക്കുന്ന മുല്ലയിൽ കാർക്കിച്ചു
തുപ്പിയ താംബൂലമല്ല,
മാന്തളിർത്തൊത്തിലേക്കാരോ കുടഞ്ഞിട്ട
പൊള്ളുന്ന തീക്കട്ടയല്ല,

ഒന്നുമ,ല്ലൊന്നുമ,ല്ലെന്നിൽ മുലപ്പാലു
വറ്റിക്കരിയുന്ന നീറ്റം
അള്ളിപ്പിടിച്ചു ഞെരിക്കുമിക്കാഴ്ചയി-
തെന്നിൽനിന്നാരേറ്റു വാങ്ങും?

ദൂരം മറന്നൊരേ കാരാഗൃഹത്തി-
ന്നഴികളിൽ ചാഞ്ഞെങ്ങൾ നില്ക്കേ,
കാലം കഴുത്തൊടിഞ്ഞെങ്ങോ കുരുടി-
ക്കുരുട്ടുപാമ്പായ് പതുങ്ങുമ്പോൾ,
ഞാൻ, പഠിപ്പുള്ളവളാരാഞ്ഞു, "റോസിലീ,
പോലീസിൽ നീയറിയിച്ചോ?"

"വേണ്ട, വേണ്ടക്കൂട്ടരമ്മാനമാടുന്ന
മക്കളാണീ ഞങ്ങളെന്നും-"
പല്ലും ഞറുമ്മിക്കളം വിട്ടു മാറുന്ന
രോഷം പുകഞ്ഞവൾക്കുള്ളിൽ.

“ഉണ്ടുണ്ട് പോംവഴി മറ്റൊന്നു, പെണ്ണിന്റെ
മാനം വെടിക്കാതെ നോക്കും
കൂട്ടായ്മയുണ്ടിന്ന്, ഫോണെടുത്തൊറ്റവാ-
ക്കോതിയാൽ കൈനീട്ടിയെത്തും.”

“ഇല്ല, നടപ്പില്ലതും പുനരാപത്തു
കോളനിക്കുള്ളിൽ വിതയ്ക്കും,
അന്യജാതിക്കാരനാണവന്നൊപ്പം
നിരക്കവാനാളേറെയുണ്ട്.

കൊണ്ടും കൊടുത്തും നടക്കുമാണുങ്ങൾ
വിവരം തികഞ്ഞവരത്രെ!
ഇത്തിരിപ്പെണ്ണിനായ് ജാതിപ്പിശാചിൻ
തുടലഴിച്ചീടുവാനാമോ?”

ഉത്തരംമുട്ടിച്ചിളിക്കും മതേതര-
ത്തേറ്റതൻ പൊയ്മുഖം നോക്കി
അമ്പരന്നെൻ മന്ദബുദ്ധി ദയാഹത്യ
യാചിച്ചു നാമം ജപിക്കേ,

ഓർത്തിരമ്പുന്നു സമുദ്രങ്ങളേഴുമ-
പ്പെണ്ണിൻ നിറംകെട്ട കണ്ണിൽ,
ആഴക്കടലിൻ കടുംകെട്ടു ഭേദിച്ചു
കോടക്കൊടുംകാറ്റമറി,
ചേർത്തുരുമ്മീടും കരങ്ങളിൽ കാലന്റെ
തീവെട്ടി നാക്കുകൾ നീട്ടി.

“കാത്തിരിക്കേണ്ടെന്നെ നാളെ, കണക്കിതു
തീർക്കാതുറക്കം വരില്ല!
ചിത്തഭ്രമക്കാരിയെന്നു ചൊല്ലാം ജനം!-
റോസിലിക്കെന്തുണ്ട് മാനം?”

ഒന്നാവിരൽകളിൽ സ്പർശിക്കുവാനെനി-
ക്കപ്പോഴുമില്ലിറ്റു ധൈര്യം!
എന്താണവൾ ചൊന്നതെന്നും നിരൂപിച്ചു
മൗനം കുഴച്ചു ഞാൻ നില്ക്കേ
നേരം പുലർന്നെന്റെ മുറ്റത്തു മാത്രമായ്
നീലിച്ചു നില്ക്കുന്നു മാനം!
വിഷംതീണ്ടി നീലിച്ചുനില്ക്കുന്നു മാനം!

(കലാകൗമുദി, 1996)

— 5 —

## കണിക്കൊന്ന

എങ്ങുനിന്നാവോ കണിക്കൊന്നയിൽ പെട്ടെന്നിളം
മഞ്ഞനീർക്കുടങ്ങളായ്  മൊട്ടുകൾ കുരുത്തതും
പട്ടുപോലിതൾ വിരിഞ്ഞായിരത്തിരിയിട്ട
ഭദ്രദീപങ്ങൾ മിന്നിത്തെളിഞ്ഞു പടർന്നതും?

സർവഭൂഷണകാന്തി ചിന്തുമീ സ്വർണ്ണാംഗിയെ
സ്വന്തമാക്കുവാനെത്ര ശ്വശ്രുക്കൾ കൊതിക്കിലും
ആവതി, ല്ലളവില്ലാ സ്നേഹമാ ,ണതിൻ തീർത്ഥ-
മേവർക്കുമൊരേമട്ടിൽ വാർത്തുനില്ക്കയാണവൾ!

വധുവായ്  കനംതൂങ്ങി വന്നുകേറുവാൻ, വ്രീളാ-
വിവശം പാർശ്വം ചേർന്നുനില്ക്കുവാൻ മടിപ്പോളേ,
പോയ ജന്മത്തിൽ തരിപ്പൊന്നിനു നിന്നെച്ചുട്ടു-
കൊന്നതിനാലോ ‘കൊന്ന’യെന്നു നീയറിയുന്നു?

പ്രേമമോ പ്രേമാതുരഭാവമോ പിടയ്ക്കാതെ
മലർക്കെത്തുറക്കുന്നു ഹൃദയം സർവാംഗവും,
ആടിനില്ക്കുന്നു, വാടിപ്പോകുമെന്നുരുകാതെ
മാത്രകളനശ്വരമാക്കുവാൻ പോരും മട്ടിൽ!

മഞ്ഞൾനീരാടിക്കുളിർന്നേതു കണ്മിഴിയിലും
കർപ്പൂരമുഴിയുന്ന കൈകളെന്തനുഗ്രഹം!
എങ്കിലും ചോദിക്കട്ടെ-പോയവർഷത്തെ ധ്യാന-
പൂർണ്ണിമ താനോ വാരിത്തൂവുന്നു പൂർണ്ണോദാരം?

ആരു വന്നുണർത്തുന്നു സ്നേഹതാപസീ, ഹരി-
താംബരം മേടച്ചൂടിലുരുകിപ്പിടിക്കുമ്പോൾ?

ആണ്ടുതീരുമ്പോൾ വിഷുപ്പാട്ടുമായ്  പറന്നെത്തും
കിളിയോ?  മാമ്പൂമണം പാറ്റുന്ന വയൽക്കാറ്റോ?

ഇക്കുറി മടങ്ങുമ്പോൾ നീ നടുങ്ങിയോ നാടിൻ
നെഞ്ചിലെക്കറവാർന്നു വീണൊരിക്കളങ്ങളിൽ?
ഇത്തിരിപ്പൂക്കൾ പിച്ചിക്കീറുമീ തോറ്റംപാട്ടിൽ
പുകഞ്ഞീ മാനംകെട്ട ഞങ്ങളെ ശപിച്ചുവോ?

(കലാകൗമുദി, 1996)

— 6 —

# സാവിത്രിയുടെ ചിറകുകൾ

സാവിത്രി എന്നും എന്നോടൊപ്പമുണ്ടായിരുന്നു!
ഞാനതറിഞ്ഞില്ല
എന്റെ തിരിച്ചറിവിന്റെ നിലയില്ലാക്കയങ്ങളിൽ
നീർക്കിളിയായി,
ചുറ്റും നെഞ്ചുരുമ്മിക്കരയുന്ന
കരിയിലകൾക്കടിയിൽനിന്ന്
ഞെരിഞ്ഞ് നിവരുന്ന നാമ്പിന്റെ
നനുത്ത രോദനമായി
അവളെനിക്കൊപ്പമുണ്ട്.

സാവിത്രിയുടേയും
പുറം തിരിഞ്ഞ് നില്ക്കുന്ന സത്യവാന്റേയും
ഹൃദയങ്ങളിലേക്കാണിപ്പോൾ
എന്റെ മനസ്സോടിക്കയറുന്നത്.
അവിടെ വെളിച്ചം നിറഞ്ഞ,
വലിയ വാതായനങ്ങളുള്ള
സ്വീകരണമുറികളുണ്ട്,
അടച്ചിട്ട മണിച്ചിത്രഗോപ്യതകളുമുണ്ട്.
ഞാൻ മുട്ടിയതവിടെയാണ്-
ചെറിയ കട്ടിക്കതകുകളിൽ.

സത്യവാന്റെ നടുക്കം
ഉത്തരീയമൂർന്ന വലിയ ചുമലുകളിൽ
വേലിയേറ്റമുണ്ടാക്കുന്നത് ഞാൻ കണ്ടു.
പക്ഷേ, സാവിത്രിയുടെ അമ്പരപ്പ്-

എത്ര സമർത്ഥമായാണത്
നിഗ്രഹനം ചെയ്യപ്പെടുന്നത്!
സാവിത്രിയുടെ ആദ്യത്തെ സൗഹൃദസ്പർശം
എന്നെ അമ്പരപ്പിച്ചു-
വെണ്ണപോലെ വെളുത്ത മിനുത്ത
ചെറിയ കൈകളിൽ
എന്തൊരു തണുപ്പും വിയർപ്പുമായിരുന്നു!
പാദാദികേശം നരച്ചു കഴിഞ്ഞ
എന്റെ മനസ്സിൽ
സ്നേഹവാത്സല്യങ്ങൾ ചുരന്നു.
എവിടെയോ ഞാൻ തൊട്ടറിഞ്ഞ
തുവൽസ്പർശംപോലെ മൃദുലം.
തണുപ്പിന്റേയും വിയർപ്പിന്റേയും
നെഞ്ചിടിപ്പാണ്
എന്റെ നോട്ടം
ആ ഹൃദയത്തിലേയ്ക്കാക്കിയത്.

അവിടെ മൺകുടങ്ങൾ
നിറഞ്ഞു ചൊരിഞ്ഞുകൊണ്ടിരുന്നു,
സത്യവാനെന്ന വന്മരത്തിന്റെ
വേരുകളിൽ, പേശികളിൽ, വിരലുകളിൽ
ഇലകളിൽ, പൂക്കളിൽ, മിഴികളിൽ
എവിടേയും!

പ്രേമത്തിന്റെ ദാർഢ്യത്തെ വെല്ലുന്ന
കടമയുടെ ഉരുക്കുനൂലുകൊണ്ടവൾ
സ്വന്തം ഹൃദയത്തിന്  തുളയിട്ടു കെട്ടിയിരുന്നു;
അല്ലെങ്കിൽ-
അതോടിപ്പോവുമെന്നോ
ഉടഞ്ഞു ചിതറുമെന്നോ
ഭയന്നെന്നപോലെ.

എങ്കിലും,
സ്വന്തം മനസ്സുകൊണ്ടവൾ
എപ്പോഴും ആ ഉരുക്കുനൂലുകളിൽ
രാകിക്കൊണ്ടിരുന്നത്
സത്യവാനെ അസ്വസ്ഥനാക്കി.

വരനെത്തേടി തപോവനങ്ങളിലലഞ്ഞ
ആലസ്യം അവൾ മറന്നുകഴിഞ്ഞെന്ന് തോന്നി.
തന്നിൽ മനസ്സു നഷ്ടപ്പെട്ട
പവിത്രമുഹൂർത്തം വിവർണ്ണമാവുന്നതും
വരണമാല്യത്തിന്റെ സൗമ്യഗന്ധം വറ്റുന്നതും
മൃത്യുഞ്ജയമന്ത്രങ്ങളുടെ ഗ്രീഷ്മവിഹ്വലതകൾ
കാലവർഷക്കലക്കത്തിൽ ഒഴുകിപ്പോവുന്നതും
അവസാനം,
മരണത്തെ വെന്ന ദൃഢനിശ്ചയം
കൊളുത്തഴിഞ്ഞ് വീഴുന്നതും
നോക്കി നില്ക്കാനായില്ല.
കൂടുതൽ കൂടുതൽ പുറംതിരിഞ്ഞു നില്ക്കെ
ഉച്ഛ്വാസവായുവിന്റെ ചൂടുകൊണ്ട്
ആ മുഖം പൊള്ളിക്കരിഞ്ഞു.
ഒടുവിൽ
തന്റെ സ്വകാര്യപ്പെട്ടിയിൽ അടച്ചുവെച്ച
കൊച്ചു ചിറകുകൾ പുറത്തെടുത്ത്
അവൾക്കയാൾ സമ്മാനിച്ചു.
അവളത് വാങ്ങി
സൂര്യപ്രകാശത്തിൽ വിടർത്തിയുണക്കുമ്പോൾ
അയാളുടെ ഹൃദയം ചീർത്തുവന്നു.
അതണിഞ്ഞ് മാലാഖയെപ്പോലെ അവൾ
അകലങ്ങളിലേക്ക് പറന്നപ്പോഴേയ്ക്കും
തളർന്നവശനായി
അയാൾ കട്ടിലിൽ വീണു.

അപ്പോളാണയാൾ അതു കണ്ടത്-
ഹൃദയത്തിൽ വരിഞ്ഞുകെട്ടിയ
ഉരുക്കുനൂലിന്റെ മറുവശം
അവൾതന്നെ
കട്ടിൽക്കാലിൽ ബന്ധിച്ചിരുന്നു.
ശൂലമുനകളിൽനിന്ന്
ആത്മാവിനെ ഏറ്റുവാങ്ങിക്കൊണ്ട്
കൈവിരിച്ച് മലർന്നുകിടന്ന്
അയാൾ ശാന്തമായുറങ്ങി.

(കേരളകവിത, 1997)

— 7 —

## സീതയുടെ നിഴൽ

സീതയുടെ നിഴലിലാണ്
ഞാനിപ്പോഴും.
ഹൃദയമിടിപ്പ്,
ഇമയനക്കം,
സ്വരവിന്യാസം-എല്ലാം
ശ്വേതാംബരയായ സീതയുടെ
കൃഷ്ണപക്ഷങ്ങൾക്കടിയിലാണ്.

അകിട്ടിലേക്ക്
നക്കിത്തോർത്തിയടുപ്പിക്കുന്ന
തള്ളപ്പശുവിനെപ്പോലെ
അതെന്നെ അണച്ചു പിടിക്കുന്നു.
പ്രഭാതത്തിന്റെ പ്രസരിപ്പും
പ്രദോഷത്തിന്റെ പ്രാർത്ഥനയുമൂട്ടി
പകർച്ചവ്യാധികളിൽനിന്ന്
അകറ്റി നിർത്തുന്നു.

ചിരിയുടെയും കണ്ണീരിന്റെയും
അതിർത്തിരേഖകളും
ശബ്ദസ്ഥായികളും
അളന്നു കുറിക്കുന്നു.
വരയിട്ട ഗ്രന്ഥങ്ങളിൽ,
വരമൊഴിക്കൂട്ടുകളിൽ
വടിവൊത്തു നിറയാൻ
കനിഞ്ഞരുളുന്നു.

ഹലബിംബങ്ങളുടെയും
ത്രൈയംബക മോഹങ്ങളുടെയും
പട്ടമഹിഷീദർപ്പങ്ങളുടെയും
പടവിറങ്ങി,
ആരണ്യക ഭീതികളിലൂടെ
കണ്ണുമടച്ച് നടത്തിക്കുന്നു.
അശോകച്ഛായയിലിരുന്ന്
വിരഹമന്ത്രധ്യാനംകൊണ്ട്
കുലവധൂടികളുടെ മാതൃക മെനയാൻ
പഠിപ്പിക്കുന്നു.

ഉഴമണ്ണിന്റെ
ആകുലതയിൽ വിത്തെറിയാതെ,
യോഗനിദ്രയിലാണ്ട സംസ്കൃതിയുടെ
പാദപൂജയിലൂടെ
ആത്മവിസ്മൃതി പരിശീലിപ്പിക്കുന്നു.
പിഴയ്ക്കാതെ പിഴയൊടുക്കുവാൻ
സംയമനത്തിന്റെ ശൂലമുനയിൽ
കോർത്ത് മെരുക്കിയെടുക്കുന്നു!
സീതയുടെ നിഴലിലാണ്
ഞാനിപ്പോഴും!
പാകമാകാത്ത പഴയൊരുടുപ്പുപോലെ
അതെന്നെ ശ്വാസംമുട്ടിക്കുമ്പോൾ
നിഴലിനിപ്പുറം ചാവുകടലാണെന്ന്
അവർ പറയുന്നു!
നിറവാണെന്നു മറ്റു ചിലർ!
പശപോലെ പറ്റിപ്പിടിക്കുന്നതും
ഹൃദയമുരച്ച് പളുങ്കുഗോട്ടിയാക്കുന്നതുമാണ്
എന്നുമാത്രം ഞാനറിയുന്നു.

ഇത്ര ചെറിയ നിഴൽകൊണ്ട്
പ്രപഞ്ചം മുഴുവൻ പുതപ്പിക്കാൻ
സീതയ്ക്കെങ്ങനെ കഴിഞ്ഞു?
ഈ നിഴലിനു നിറമില്ലെന്ന്
ആരു പറഞ്ഞു?
അതിന്റെ ശ്യാമരന്ധ്രങ്ങളിൽ
വിശുദ്ധിയുടെയും വിരക്തിയുടെയും

സങ്കലനമുണ്ട്;
കുരുതികളുടെ കനലാട്ടമുണ്ട്;
അരുതുകളുടെ ചൂളങ്ങളുണ്ട്;
മഹാനക്ഷത്രങ്ങൾ
കരിന്തിരി കത്തുമ്പോൾ
തമോഗർത്തങ്ങളിൽ ഒളിപ്പിക്കുന്ന
ഗതകാല പാപങ്ങളുണ്ട്!

ഈ നിഴലിനപ്പുറത്തേക്ക്
ഒരിക്കലെങ്കിലും
സത്യമന്വേഷിച്ച്,
ഒരു ചുവട്!-
ഒരു ചുവടെങ്കിലും
വയ്ക്കാൻ കഴിഞ്ഞെങ്കിൽ!

(ഭാഷാപോഷിണി, 1997)

— 8 —

## കള്ളം പറയുന്നവർ

സാറാ, ഇടയ്ക്കൊക്കെ
നാം കള്ളം പറയാറില്ലേ?
ആർക്കുവേണ്ടിയാണതെന്ന്
നമുക്ക് നന്നായറിയാം.
ചിരിക്കാതെ,
കരയാതെ,
മൗനത്തിന്റെ വജ്രമുനയിൽ കയറിനിന്ന്
നെടുകെ പിളരാതെ,
എത്ര വലിയൊരു കള്ളവും
സത്യമാക്കാൻ നമുക്കേ കഴിയൂ!
ഇടിമുഴക്കത്തിന്റെ സങ്കടം കേൾപ്പിക്കാതെ,
തീപ്പിണരിന്റെ തിളക്കം തുവിക്കാതെ,
ഒരേ ചുവടിൽനിന്ന്
ഒടുക്കംവരെ
ഒരേ കഥ പറയാൻ
നമുക്കേ കഴിയൂ!
കേൾക്കുന്നവരുടെ
ശ്രവണ വടിവിൽ ആണ്ടിറങ്ങി,
നൂറ്റാണ്ടുകളുടെ ചിലന്തിവലകൾ
തലോടിത്തലോടി
ഇരുണ്ട കനത്ത കരിങ്കൽമേനിയിൽ
ആത്മബോധം ചുരുണ്ടമർന്ന്,
മുഖം മുറിഞ്ഞ സാലഭഞ്ജികകളായി
നാമിവിടെ

എപ്പോഴും കള്ളം പറഞ്ഞുകൊണ്ടിരിക്കുന്നു.
സാറാ,
നീയും പറഞ്ഞിട്ടില്ലേ കള്ളം?
ഉപ്പുതുണ്ടുകളെപ്പറ്റി
കഥപറയുമ്പോഴെങ്കിലും?
കൂടാരവാതിൽക്കൽ പുറംതിരിഞ്ഞുനിൽക്കേ
വന്ധ്യതയുടെ ആഴങ്ങളിൽ
പതഞ്ഞുപൊന്തിയ കടുംചിരി
നീ നിഷേധിച്ചതെന്തേ?[1]
ഗന്ധകവും തീയുമുതിർപ്പവൻ
അണ്ഡനിദ്രകൾക്ക് അറുതി കൽപ്പിക്കെ
ഗർഭസ്ഥശിശുവിന് ശയ്യയൊരുക്കാൻ
നിന്റെ ധൈര്യം
ചാപ്പിള്ളയായി പിറന്നൊഴിഞ്ഞോ?

മോരിയാ മലയിൽ [2]
പൊന്നരുകും മുമ്പേ
പൂച്ചയെപ്പോലെ കുനിഞ്ഞിരുന്ന്
പുളിപ്പില്ലാത്ത അപ്പം ചുട്ടവൾ നീ!
പൊരിഞ്ഞുകൊണ്ടിരിക്കുന്നത്
പുളിച്ചുനരഞ്ഞ മൗനത്തിന്റെ
അനാദിയായ ആർത്തനാദം!
ഏകജാതനും പിതാവും
വിറകും വിശ്വാസവും
കഴുതയും കൂട്ടരും
മണൽപ്പരപ്പിൽ
കരിയെറുമ്പുകളാകവേ
പ്രപഞ്ചം വിഴുങ്ങുന്ന
ഒരു തിരിഞ്ഞുനോട്ടം മാത്രമായ് നീ!
അപ്പനോടവൻ
ആട്ടിൻ കുഞ്ഞെവിടെ[3]

---

[1] തൊണ്ണൂറാം വയസ്സിൽ സന്താനഭാഗ്യത്തിന് യഹോവയുടെ അനുഗ്രഹം ലഭിച്ചപ്പോൾ വിശ്വാസം വരാതെ സാറ ചിരിച്ചുപോയി. പിന്നീട് ചിരിച്ച കാര്യം ഭയത്താൽ നിഷേധിക്കയും ചെയ്തു. (ഉൽപത്തി 18:15).

[2] യഹോവയുടെ ആജ്ഞയനുസരിച്ച് അബ്രഹാം ഏകപുത്രനായ യിസ്ഹാക്കിനെ ബലികഴിക്കാൻ തിരഞ്ഞെടുത്ത സ്ഥലം (ഉൽപത്തി 22).

[3] താനാണ് ബലിമൃഗമെന്ന് യിസഹാക്ക് അറിഞ്ഞിരുന്നില്ല.

എന്ന് ചോദിച്ചവാറെ
നക്ഷത്രങ്ങൾക്കും
തിരമാലകൾക്കമിടയിൽ
നിലയുറയ്ക്കാതെ
അടുപ്പുകല്ലിൽ അള്ളിപ്പിടിച്ച്
മെഴുകുതിരിയായി
ഒലിച്ചിറങ്ങി നീ!
അതിന്റെ വിളറിവെളുത്ത
അന്ത്യനിശ്വാസം
വെയിലറയുന്ന മലമുടിയിലേക്ക്
ഉഷ്ണക്കാറ്റായി പാഞ്ഞുയർന്നു.
യാഗപീഠത്തിൽ
അവനും അഗ്നിക്കമിടയിൽ
വിരിക്കപ്പെട്ട വിറക്
നീയായിരുന്നുവല്ലോ!
ഉയർന്ന കത്തിവായ്ക്ക് നേരെ
ചുരുട്ടിയെറിഞ്ഞത്
രക്തസഞ്ചാരം നിലച്ച
നിന്റെ ഹൃദയമായിരുന്നുവല്ലോ!
സാറാ,
കൂടാരത്തിന് മുന്നിൽ വീണ്ടും
ആട്ടിൻതോൽക്കുപ്പായം തുന്നിക്കൊണ്ടിരിക്കെ
നീയൊരു തിരയടങ്ങിയ കടലായി.
യിസ്ഹാക്കിനെ മാറോട് ചേർത്തപ്പോൾ
നിന്റെ കള്ളങ്ങളെല്ലാം
സത്യമായി!
ബേർ-ശേബയുടെ പൊരിമണലിൽ [4]
വീണുരുണ്ട് വിലപിക്കേ
ഹാഗാറിന്റെ കള്ളങ്ങളും
സത്യമായിത്തീർന്നു!
ഇവിടെ,
ഞങ്ങളുടെ കള്ളങ്ങളോ?
ഞങ്ങളുടെ കുഞ്ഞുങ്ങളോ?
ആട്ടിൻകുട്ടിയുടെയും

4 അബ്രഹാമിന് ദാസിയിൽ പിറന്ന ആദ്യപുത്രൻ യിശ്മായേലും അവന്റെ അമ്മ ഹാഗാറും പരിത്യക്തരായി അലഞ്ഞുതിരിഞ്ഞ മരുഭൂമി.

ചെന്നായയുടെയും
കഥ കേട്ടവർ തളിർക്കുന്നു,
കുഞ്ഞാടിനെത്തേടി
കരിമല കേറി
അവർ തുള്ളിക്കളിക്കുന്നു,
പക്ഷേ,
മരുഭൂമികൾ വാഴുന്ന
ചെന്നായ്ക്കളുടെ മടയിൽനിന്നവർ
മടങ്ങിയെത്തുന്നില്ല!
എല്ലും മുടിയും വീണ്
ഞങ്ങളുടെ യാനപാത്രങ്ങൾ
മുങ്ങിത്തുടങ്ങിയിരിക്കുന്നു.
എന്നിട്ടും,
ഒഴിഞ്ഞ മടിത്തട്ടിൽ നോക്കാതെ
ഞങ്ങൾ കഥ പറഞ്ഞുകൊണ്ടിരിക്കുന്നു!
കള്ളം പറഞ്ഞുകൊണ്ടിരിക്കുന്നു!

(ദേശാഭിമാനി വാർഷികപ്പതിപ്പ്, 1997)

— 9 —

# തിരിച്ചറിവ്

ഞാൻ ജനിച്ചത് ബുധനാഴ്ച രാത്രി
ഇടവം ലഗ്നത്തിൽ.
ഒറ്റക്കണ്ണിൽ പൊടിയിട്ട്
നക്ഷത്രങ്ങൾ ഒളിച്ചുകളിച്ചു,
ചിറകുള്ളവരുടെ ചിന്തകൾ
രാ മാളങ്ങളിലിരുന്ന ചീവീടുകളിൽ
കരഞ്ഞുകൊണ്ടിരുന്നു.
പക്ഷേ, ശ്രവണേന്ദ്രിയങ്ങൾ മാത്രം
എനിക്ക് മുളച്ചിരുന്നില്ല.
പൊന്നുരച്ച തേനും
കടൽ ഊതിയ ഉപ്പും
തിരിച്ചറിയാനുള്ള നാക്കും മൂക്കും
എന്നിൽ തിരിച്ചറിഞ്ഞിരുന്നില്ല.
ഞാൻ ചിരിച്ചത് വ്യാഴാഴ്ച മദ്ധ്യാഹ്നത്തിൽ,
വെയിൽ നുരയുന്ന ഉച്ചമയക്കത്തിൽ.
മജ്ജയിൽ പതിഞ്ഞുകിടന്ന
ഭ്രാന്തചിഹ്നങ്ങളിലെ ആത്മസൂചകങ്ങൾ
തിടുക്കപ്പെട്ട് മായ്ച്ചുകൊണ്ടിരുന്ന
തിരമാലകൾ.
ഉണർവുകളുടെ താക്കോൽപ്പഴുതിൽ
ആരോ സുവർണ്ണമുദ്ര വെച്ചുകൊണ്ടിരുന്നു.
മുരളാത്ത ചിത്രശലഭങ്ങളുടെ
ഷട്പദസ്വപ്നങ്ങൾക്കു ചുറ്റും
എന്തൊരുദാരത!

മേൽക്കൂരയില്ലാത്ത ഹൃദയവും
വിറങ്ങലിച്ച ധമനികളും
കുടുക്കയിൽ മുളപ്പിച്ച ചോദ്യങ്ങളുമില്ല-
വെറും പുള്ളിപ്പാവാട മാത്രം!
ഇളംപുല്ലും
കളിച്ചൊല്ലും,
തെളിമാനവും
കിളിവേഗവും.
എന്തൊരുദാരത!
ആരുടെ? എന്തിന്?
ചോദ്യങ്ങൾ എനിക്ക് വശമായിരുന്നില്ല!
വെള്ളിയാഴ്ച എന്റെ കണ്ണിൽ
ശുക്രനക്ഷത്രം കതിരുപൊട്ടി.
ഒറ്റക്കണ്ണിലെ പ്രഭാപ്രവാഹമായി
അതെന്നെ സ്വർഗ്ഗീയമായ
ഊഞ്ഞാലിലേക്കെടുത്തുയർത്തി.
ഭൂമിയിലെ വേരുകൾ പൊട്ടിയപ്പോൾ
ഇലയനങ്ങിയില്ല,
ചോര പൊടിഞ്ഞില്ല!
വെൺകുതിരകൾ എന്നെയുംകൊണ്ട്
മൃദുശാദ്വലങ്ങളിലെ
നിർഝരികളിലൂടെ
നീന്തുകയായിരുന്നു,
അബ്ധികൾക്കും അദ്രികൾക്കും മുകളിലൂടെ
പറക്കുകയായിരുന്നു!

ശനിയാഴ്ചയാണെനിക്ക് പനി തുടങ്ങിയത്.
പെട്ടെന്നെല്ലാ നിറങ്ങളും കെട്ടു,
പദം മുറിഞ്ഞു, പാട്ടു വറ്റി.
വിലാപഗീതംപോലുമില്ലാത്ത
ശ്മശാനനിർജ്ജനതയിൽ,
പ്രേതനിർഭരതയിൽ,
ഭൂഗർഭത്തിൽനിന്നുയർന്ന, അപമാനത്തിന്റെ
പ്രാചീനനിറം കലങ്ങിയ ധൂപക്കുറ്റി
എന്റെ നെറ്റിയിലിടിച്ചു.
ആവിയിൽ പുഴുങ്ങിയ ചിപ്പിപോലെ

നെറ്റിയുടഞ്ഞു് മറുകണ്ണ് പുറത്തേക്ക് തുറിച്ചു!
ഞായറാഴ്ച ഞാനുണർന്നപ്പോൾ
പനിച്ചുപൊള്ളി വിടർന്ന
സിരാകൂടങ്ങൾക്ക് പുറത്തിറങ്ങിനിന്ന്
എന്റെ അസ്ഥികൾ പല്ലിളിച്ചു.
രണ്ടു കണ്ണുള്ള എന്നെ തിരിച്ചറിയാതെ
അമ്മപോലും പൊട്ടിക്കരഞ്ഞു!
കരുണയിറ്റുന്ന കരങ്ങളാൽ
ചിപ്പിപ്പൊളികൾ തിരുമ്മിയടച്ചുകൊണ്ട്
ചിതമ്പലുകളടർന്ന എന്റെ ഹൃദയത്തിലേക്കും
നിഴലുകൾ ചുവടളക്കുന്ന വാതില്ക്കലേക്കും
മാറിമാറി നോക്കിക്കൊണ്ട്
അമ്മ കടംകഥ പറഞ്ഞുകൊണ്ടിരുന്നു.
എന്തൊരുദാരത!

ലഹരി പൊയ്പ്പോയ വീഞ്ഞു് കുടിച്ച് കുടിച്ച്
എനിക്ക് ഉദരം പെരുത്തുവന്നു.
തിങ്കളാഴ്ച അതു് പൊട്ടിയപ്പോൾ
നിറയെ ആവിയായിരുന്നു.
ആശ്വാസപൂർവം നിവർന്നുകിടന്ന്
നേരെ നോക്കിയപ്പോൾ
അവരെന്റെ ശവമെടുപ്പിന്
നിരന്നു നില്ക്കുകയായിരുന്നു!
അതേ, ചൊവ്വാഴ്ചയായിരുന്നു
എന്റെ ശവമെടുപ്പ്!

(ദേശാഭിമാനി വാരിക, 1997)

— 10 —

# നമുക്കു പ്രാർത്ഥിക്കാം

ഏതു സമൂഹത്തിലും
ഒരു കുരിശുണ്ട്
ആഴങ്ങൾക്കുമപ്പുറം
പച്ചപ്പിനും ശബ്ദത്തിനും
വെള്ളത്തിനുമടിയിൽ
അതെപ്പോഴും
സ്നാനം ചെയ്തു കിടക്കുന്നു!
കനിവില്ലാത്ത
ഇരുമ്പാണികളുടെ
ലോഹഭാഷണങ്ങൾക്കായി
കൈവിരിച്ച്
കാതോർത്തു കിടക്കുന്നു!

നിങ്ങളുടെ വീടുകൾക്ക്
മൺചുമരുകളാണോ?
വെൺചുമരുകളാണോ?-
ഏതായാലുമൊന്നുതന്നെ!
കുരിശിന്റെ കുരുതിസ്ഥാനങ്ങൾ
ഊർദ്ധ്വനേത്രങ്ങളോടെ
അതിലേക്കുതന്നെ
ഉലയൂതിക്കൊണ്ടിരിക്കും!
ക്രിസ്തുവിനു വേണ്ടി
കിതച്ചുകൊണ്ടിരിക്കും!
നിങ്ങളുടെ തീൻമേശയുടെ
വരിയൊത്ത വാരിയെല്ലിലും

ഉറക്കത്തോമൽ പിടിച്ച
കപടദൃശ്യങ്ങളിലും
ഉൽക്കകളുടെ
സ്ഫടിക സൂചികൾകൊണ്ട്
കോറിക്കൊണ്ടിരിക്കും!
ക്രിസ്തുവിനു വേണ്ടി
തുടിച്ചുകൊണ്ടിരിക്കും!

അമ്പലങ്ങളിലും
പള്ളികളിലും
മണിയടി കേൾക്കുന്നില്ലേ?
കൊടികളുടെ
ചിറകടി കേൾക്കുന്നില്ലേ?
ആരാച്ചാരുടെ
വിരലറിഞ്ഞ കരിയിലകൾ
കിരുകിരുക്കുന്നില്ലേ?
ഭൂമിക്കടിയിൽ
നീറിപ്പഴുത്തു കിടക്കുന്ന
കുരിശന്വേഷിക്കയാണവർ.
ആദ്യം കുരിശ്!
പിന്നെയാണ് ക്രിസ്തു!

അടുക്കളയിൽ
കരിയുന്ന മാംസഗന്ധം!
അസ്ത്രമുനയിൽ കിനിഞ്ഞ
ചോരത്തുള്ളിയുടെ
ആത്മഗതം!
തേയ്മാനം വന്ന
കത്തിയുടെ നിസ്സഹായതപോലെ
ഒരു പ്രാർത്ഥന!
ക്രിസ്തുവാണത്!
ധമനികളിൽ
അടിയൊഴുക്കുള്ള
ഹൃദയത്തിൽ
വാൽവുകൾക്കു പകരം
വാതായനങ്ങളുള്ള
ക്രിസ്തു!

കൈ പൊള്ളിയാലും
കരൾ പിഞ്ഞിയാലും
ആയിരം കരങ്ങളാൽ
ആരവങ്ങളോടെ
നമുക്ക് കുരിശുയർത്താം.
കള്ളനും കൊലപാതകിക്കും
വേണ്ടിയല്ല,
പരീശനും വേണ്ടിയല്ല,
ഭൂമിയിൽ പിറന്ന
നമുക്കെല്ലാവർക്കുമായി,
മണ്ണിന്റെ ഉപ്പായ
നമ്മുടെ
തണുതണുത്ത ചോരയ്ക്ക്
ഒരു ചിറകെട്ടാൻ,

ഓരോ സമൂഹത്തിനും
ഒരു ക്രിസ്തു വേണം,
വീടായാലും നാടായാലും!
അതുകൊണ്ട്-
നമുക്ക് പ്രാർത്ഥിക്കാം,
ഒരുമയോടെ.

(സമകാലിക മലയാളം, 1997)

— 11 —

# തീ വിഴുങ്ങിപ്പക്ഷി

തീ വിഴുങ്ങിപ്പക്ഷി, തീ വിഴുങ്ങിപ്പക്ഷി,
നീയേതു കൊമ്പിൽ തപസ്സിരുന്നീടിലും
കൂട്ടുകാരൊന്നിച്ചു കൂകിയാർത്തുല്ലാസ
വേഗത്തിലാകാശ മാർഗേ ചരിക്കിലും
തീ വിഴുങ്ങിപ്പക്ഷിയാണു നീയിപ്പൊഴും!

കൊക്കിൽ കതിർമണിക്കൊറ്റു പേറീടിലും
നാക്കിൽ നറുന്തേനൊലിച്ചു പാടീടിലും
തുവൽക്കുരുത്തോല വീശിക്കുടഞ്ഞു നി-
ന്നുള്ളിലെപ്പൂക്കിലയാകേ വിടർത്തിലും
തീ വിഴുങ്ങിപ്പക്ഷിതന്നെയാണിപ്പൊഴും!

കൂട്ടുകൂടാൻ കിളിമോഹം കുറുകുന്ന
നാളിൽ കരുത്തനെത്തേടും മിഴികളിൽ
ഏറെക്കടും ചായമുണ്ടെന്നിരിക്കിലും
പച്ചത്തഴപ്പിൻ വഴക്കം മറക്കാത്ത
തീ വിഴുങ്ങിപ്പക്ഷിയാണു നീയിപ്പൊഴും!

ഉള്ളം കലങ്ങിക്കടഞ്ഞു മഴക്കാറു
മാറിൻ ചുരന്നിളം ചുണ്ടിലിറ്റുമ്പൊഴും
പഞ്ചേന്ദ്രിയങ്ങളിൽ പ്രാണൻ തുളുമ്പുന്ന
തേനറയ്ക്കുള്ളിൽ കടന്നൽ മൂളുമ്പൊഴും
തീ വിഴുങ്ങിപ്പക്ഷിതന്നെയാകുന്നു നീ!

ഓരാച്ചതിവിൻ ചുഴികളിൽ വീണിറ്റു
നേരിന്നു ദാഹിച്ചുഴന്നു കേഴുമ്പൊഴും
പെറ്റിട്ട കുഞ്ഞിന്നു പാലൂട്ടുവാൻ മടി-

ച്ചോമലിന്നോർമയിൽ കത്തിയാഴ്ത്തുമ്പൊഴും
കൈമാറിയെത്തുന്ന പെണ്ണിൻ മണം പിടി-
ച്ചുന്മാദിയായ്  കാറ്റു പാഞ്ഞടുക്കുമ്പൊഴും
രാവിൽ കുഴിച്ചിട്ട സത്യങ്ങളോരോന്നു
രാജാവിനായ്  നെഞ്ചിലിട്ടു പൂട്ടുമ്പൊഴും
തീ വിഴുങ്ങിപ്പക്ഷിയായി മാറുന്നു നീ!

നീ ജനിച്ചന്നു തൊട്ടാകാശമെത്രമേൽ
മാറീ, വിശാലത നീയറിയുന്നുവോ?
അവ്യക്ത സ്വത്വം പഴുത്തുജ്ജ്വലിക്കുന്ന
കണ്ഠം കുനിച്ചു നീ നില്ക്കയാണിപ്പൊഴും.

അഗ്രഹാരങ്ങളിൽ തത്തകൾ പാടി-
പ്പതിഞ്ഞ താളത്തിലെ നൊമ്പരപ്പാട്ടുകൾ
കുഞ്ഞുമേഘങ്ങൾ ശിരോലിഖിതങ്ങളായ്
ഏറ്റുവാങ്ങുന്നതേ സത്യമെന്നോർത്തു നീ.
ഗോത്രനീലാഞ്ജനച്ചെപ്പിലെക്കൺമഷി
യിന്നും കടക്കണ്ണിലിട്ടിരുട്ടാക്കവേ
അർത്ഥം പറഞ്ഞാൽ പകയ്ക്കുന്ന പാവമായ്
അർദ്ധോക്തിയിൽ നേർത്ത രോദനം മാത്രമായ്
തീ വിഴുങ്ങിച്ചോന്നു നില്ക്കയാണിപ്പൊഴും!

ഗന്ധകപ്പാറയിൽ കന്മദം വാർന്നതിൽ
ബ്രഹ്മരക്ഷസ്സുകൾ ജന്മമാവുന്നതും
ജീവന്നടരുകൾക്കുള്ളിൽ പദംവെച്ചു
രൂപമില്ലാതേ നടന്നടുക്കുന്നതും
തന്മാത്രതോറും ചവിട്ടിക്കുഴച്ചു നി-
ന്നാത്മ പിണ്ഡത്തിനു കാവലിരിപ്പതും
നിർവാദയായ്  വിളക്കേന്തിനില്ക്കുന്നവൾ
കൂരിരുട്ടിൻ സഖി, നീയറിയുന്നുവോ?

എല്ലാമറിഞ്ഞാൽ ഗളം തിരിച്ചംഗാര-
ഭീതിയിൽ തീക്കനൽ തുപ്പാനൊരുങ്ങുമോ?
കാളകൂടാഗ്നി പടർത്താനൊരുങ്ങുമോ
ഇച്ചെറു പച്ചത്തുരുത്തിൻ നിറുകയിൽ?

പിച്ചവെപ്പിച്ചും ചിരിപ്പിച്ചുമിക്കടൽ-
ത്തീരത്തു കാലം പണിഞ്ഞ കൊട്ടാരത്തിൽ
കക്ക പെറുക്കിപ്പതിച്ചു സ്വയം മറ-

ന്നൊപ്പം വിരചിച്ചതൊക്കെയെരിക്കുമോ?
മധ്യാഹ്ന തീക്ഷ്ണനായ്  നില്ക്കുന്ന സൂര്യാ
പടിഞ്ഞാട്ടു മെല്ലെച്ചെരിഞ്ഞു നീങ്ങുന്നുവോ
നാളെക്കുളിച്ചുയിർത്താവർത്തനത്തിൻ
പ്രചണ്ഡനൃത്തത്തിനു പ്രാചിയിൽ കേറുവാൻ?

മെല്ലെപ്പടിയിറ,ങ്ങിങ്ങു വരികി-
ക്കിളിക്കൂള്ളിലാളുന്ന തീക്കളം കാണുക!
മേഘതീർത്ഥങ്ങളിൽ ചുണ്ടുരുമ്മി
ദാഹപൂർവം തമസ്സിൽ ദഹിപ്പതറിയുക!

പച്ചത്തുടിപ്പുകൾക്കൊക്കെത്തണൽ വിരി-
ച്ചുത്തുംഗ ശൈലങ്ങളെപ്പുണർന്നംബരം
പുള്ളിച്ചിറകിന്നനന്ത സ്വപ്നങ്ങളാ-
ലാകെപ്പൊതിഞ്ഞുയിർ മന്ത്രം ജപിക്കുന്ന
തീ വിഴുങ്ങിപ്പക്ഷിയാരെന്നറിയുക!
തീ തണുപ്പിക്കുവോളാരെന്നറിയുക!

(മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1997)

— 12 —

## അക്ഷരം

എവിടെയാണെന്റെ അക്ഷരം?
അരിയ ഹൃദയമന്ത്രാക്ഷരം?
അരിവിരിച്ചോരോട്ടുരുളിയിൽ
നറുനിലാച്ചിരിപ്പൊലിമയിൽ
അണിവിരൽകൊണ്ടുരുട്ടി ഞാൻ
എഴുതിശീലിച്ചോരക്ഷരം.
വിരലു തൊട്ടാൽ തുളുമ്പിടും
മട്ടുമലർപ്പൊടിക്കുറികളായ്
തിരികൊളുത്തിത്തിളങ്ങിവ-
ന്നുള്ളിലാകെ ജ്വലിച്ചവൾ
ചെറിയ പൂവൽത്തടങ്ങളിൽ
തേക്കുപാട്ടായ് നിറഞ്ഞവൾ
ആറ്റുവള്ളത്തിലാർപ്പുമായ്
കാറ്റുപായ് നീർത്തി പാഞ്ഞവൾ.
എവിടെയാണെന്റെ അക്ഷരം?
അരിയ ഹൃദയമന്ത്രാക്ഷരം?

അമ്മയെന്നു മൊഴിഞ്ഞാദ്യം
നെഞ്ചിലൊട്ടിയമർന്നവൾ
തൊട്ടിലാട്ടുന്ന താരാട്ടിൽ
താളമിട്ടേ വളർന്നവൾ.
അച്ഛനമൃതാൽത്തഴപ്പിച്ച
സ്വച്ഛമാമരച്ഛായയിൽ
ഇച്ഛപോൽ രസഭാവങ്ങൾ-
ക്കിലയിട്ടാനയിച്ചവൾ.

കയ്യനീർ മുറ്റി നിന്നീടും
കാമമോഹ ദലങ്ങളിൽ
കർമ്മ സൗന്ദര്യ ദർശന-
ത്തേൻ പുരട്ടി മിനുക്കിയോൾ.
നാൾക്കുനാൾ വായ്ച്ച തേൻതുള്ളി
നൊട്ടിനൊട്ടി നുണയ്ക്കുമ്പോൾ
അർഥശങ്കയ്ക്കിടം നൽകാ-
തെന്നെ വാരിപ്പുണർന്നവൾ.
എവിടെയാണെന്റെ അക്ഷരം?
അരിയ ഹൃദയമന്ത്രാക്ഷരം?

വാക്കു പൊട്ടിയുടഞ്ഞോതോ
പാഴ്ക്കിനാവിലുറഞ്ഞുവോ?
നഗരമോടികളാക്ഷേപ-
ച്ചിരിയോടാട്ടിയകറ്റിയോ?
കിളികൾ കൊഞ്ചിപ്പാലൂറി
കതിരുലാവും പുഞ്ചയിൽ
പതിരുമുറ്റും ദുഃഖത്താൽ
കാടുകേറി മറഞ്ഞുവോ?
എവിടെയാണെന്റെ അക്ഷരം?
അരിയ ഹൃദയമന്ത്രാക്ഷരം?

തോണിയൂന്നിയ താളം പോയ്
പാണനാരുടെ പാട്ടുംപോയ്
കളമെഴുത്തിൻ വിരുതെല്ലാം
പടിയിറങ്ങിയൊഴിഞ്ഞുംപോയ്.
മച്ചകത്തിന്നിരുൾ പേറും
ബന്ധനങ്ങളറുത്തീടാൻ,
കാവുതീണ്ടിയറിഞ്ഞീടാൻ
ചുട്ടെടുക്കണമക്ഷരം.

കുരുതി കണ്ടു കലങ്ങുമ്പോൾ
വരമഴിഞ്ഞു മൊഴിഞ്ഞീടാൻ
ഉതിരമുതിരും വാക്കിന്നാ-
യുഴറി നിൽപൂ ദേവിമാർ
പാടവക്കിലിരുന്നീടും
പാമരന്റെ വിരുന്നുണ്ണാൻ

ചിറകു വേച്ച ശുകം നിന്റെ
വരവുനോക്കിയിരിക്കുന്നു.
പുതിയ പാട്ടിനു പദമാകാൻ
ഉലയിലെരിപൊരികൊള്ളുന്നോർ,
മലചവിട്ടി വിളിക്കുന്നോർ-
ക്കരികിലേക്ക് തിരിച്ചു വരൂ!
ഇവിടെ നിന്നെയിരുത്തീടാൻ
പണികയില്ലൊരു മന്ദിരവും
നിറക നീ മതിലില്ലാതേ
അറിക ഞങ്ങളെ നേരോളം!

എവിടെയാണെന്റെ അക്ഷരം?
വ്യഥിതഹൃദയ മന്ത്രാക്ഷരം?
ദലിത ഹൃദയമന്ത്രാക്ഷരം?

(ദേശാഭിമാനി വാരാന്തപ്പതിപ്പ്, 1997)

— 13 —

## ചരിത്രത്തിലെ തമാശകൾ

ചരിത്രം പഠിക്കുന്നതും
പഠിപ്പിക്കുന്നതും വേറെ കാര്യം.
ചരിത്രം അനുഭവിക്കുന്നതിലാണ്
തമാശ!
ഞാനെന്നും
ചരിത്രം കടിച്ചു പറിച്ചവനാണ്.
സവാളയുള്ളിപോലെ,
തന്തൂരി റൊട്ടി പോലെ,
വനിതാ ബില്ലുപോലെ.

ഞാനിതു വളരെ പണ്ടേ
തുടങ്ങിയതാണ്.
അടിമകളുടെ ഉരുക്കുതുട
സിംഹത്തിന്റെ
കോമ്പല്ലുകൾ കോർത്തു കീറിയപ്പോൾ
ഞാൻ ആർത്തട്ടഹസിച്ചു.
കുട്ടികളെയും
എന്റെ പെണ്ണുങ്ങളെയും
അതിലെ തമാശ പറഞ്ഞു
ബോധ്യപ്പെടുത്തുക എത്ര എളുപ്പം!
കൊളോസിയത്തിലെ ആൾക്കൂട്ടം
അവരെക്കൊണ്ടു പെരുത്തുവന്നു.

പക്ഷേ, ആൻഡ്രോക്ലിസ്-
ആ കള്ളത്തെമ്മാടി മാത്രം

രസച്ചരട് മുറിച്ചുകളഞ്ഞു.
പശുവിനേക്കാൾ പരശുവാണെനിക്ക് പ്രിയം,
പനിച്ചുതുള്ളുന്നതിനേക്കാൾ
പേ പിടിക്കുന്നതാണെനിക്ക് ശരി,
ഗാന്ധിയിലും ഗാന്ധാരിയിലും
എനിക്ക് രുചിയില്ല.
എന്റെ ലായത്തിൽ മുരളുന്നത്
കുതിരകളല്ല, സിംഹങ്ങളാണ്.
അവയ്ക്കിഷ്ടം മുതിരയല്ല, കുരുതിയാണ്!

കള്ളച്ചൂതിന്
കള്ളവാറ്റിനേക്കാൾ വീര്യമുണ്ട്.
ഉരുവിന്റെ സുതാര്യതയ്ക്കും
ഉടുതുണിയുടെ അതാര്യതയ്ക്കും
അതു മൂർച്ച കൂട്ടുന്നു.
എന്റെ സിംഹങ്ങൾ അമറുമ്പോൾ
ആരും തലയുയർത്തി നോക്കാറില്ല.
നരച്ച താടിയും
വിളർത്ത പുരികവും കൂട്ടിമുട്ടി
മുഖം നഷ്ടപ്പെടുന്ന മനുഷ്യസിംഹങ്ങൾ
എന്തു രസമുള്ള കാഴ്ചയാണ്!
അവ ചത്വരങ്ങളിൽ
പ്രതിഷ്ഠ നേടുന്നു.

ഇവരൊന്നും
ചരിത്രം തിരുത്തിക്കുറിക്കുന്നവരല്ല,
ഭജനപ്പാട്ടുകാരാണ്!
അവർ മറ്റുള്ളവരുടെ പെണ്ണുങ്ങൾക്ക്
ആരുമറിയാതെ കത്തി കൊടുക്കും
കുത്തിച്ചാവുകയോ
മുടിമുറിക്കുകയോ ആവാം!
ശവം നല്ല ശകുനമാണ്
പോർക്കളത്തിൽ ശിഖണ്ഡിയും!

എന്റെ തമാശ ഇതൊന്നുമല്ല-
മസിലുകളിലേക്കും
ദംഷ്ടകളിലേക്കും നോക്കിയാണ്

ഞാൻ കരുനീക്കി കളിക്കുന്നത്.
കടിച്ചുകീറുന്നത്,
ചരിത്രം ഈമ്പിക്കുടിക്കുന്നത്.

അതിനായി
മൂന്നല്ല,
മുന്നൂറു ലായങ്ങളിൽപോലും
ഞാൻ സിംഹങ്ങളെ വളർത്തും!

ആൻഡ്രോക്ലിസിന്
വംശനാശം വന്നിരിക്കുന്നു,
അതുകൊണ്ട്
ചരിത്രത്തിലെ തമാശകൾക്ക്
അന്ത്യമില്ല!

(മാതൃഭൂമി ഓണപ്പതിപ്പ്, 1998)

— 14 —

# ഉറങ്ങുന്ന രാജകുമാരി

കരിയിലകൾ മൂടിക്കിടക്കുന്നത്
രാജകുമാരിയുടെ ജഡമല്ല,
സ്വപ്നമല്ല,
ദീർഘനിദ്രയിലമർന്ന
ശുഭ്രസുന്ദരസ്മൃതിയാണ്.

ദുർദേവതകളുടെ
ഭ്രാന്തൻ പൂവള്ളിയിൽനിന്ന്
ആരാണവളെ
ഇതളറിയാതെ ഇറുത്തെടുത്തത്?
വിരൽതുളച്ച വജ്രസൂചിയുടെ
പൊരുളറിയും മുമ്പേ
ആരാണവളെ
ഉറക്കത്തിന്റെ രാജനീലിമയിൽ
മുക്കിക്കിടത്തിയത്?

ഗൃഹാതുരതയുടെ നെടുവീർപ്പുകളില്ല,
സമയമാപിനിയുടെ കിരുകിരുപ്പില്ല,
ഋതുവിലാസത്തിന്റെ
ആർദ്രചലനങ്ങളും
രൗദ്രതാണ്ഡവങ്ങളും
ഒഴുകിപ്പോയതേതു വഴി?

കൊടുംമഞ്ഞിന്റെ സ്ഫടികശയ്യയിലും
മണൽക്കാറ്റിന്റെ സർപ്പദംശത്തിലും
അസ്വസ്ഥയാകാതെ,

പെണ്മയുടെ ജനിതകമുദ്രയായി
അമർന്നുകിടക്കുന്നു
രാജകുമാരിയുടെ സ്മൃതി!
സ്വപ്നജാഗരങ്ങളുടെ കടലിടുക്കിൽ
സുഷുപ്തിയുടെ മാന്ത്രികപേടകത്തിൽ
സുരക്ഷിതയായിരിക്കുന്നു
ചിറകുനുള്ളിയ പച്ചക്കുതിര!
സധൈര്യം,
സാദരം,
ഉറങ്ങിക്കിടക്കുന്നു
വ്യാളീമുഖം കമഴ്ത്തിവെച്ച
ഒരു മുഴുവൻ നഗരം!
ഇരുൾ മാന്തിക്കീറി
നഖമടർന്നുപോയ
കാറ്റാടിമരങ്ങൾക്ക്
ചിരി വറ്റുന്നു,

പ്രാണൻ പറിച്ചെറിഞ്ഞ്
കരൾ ചുമച്ചുതുപ്പി
ചതുപ്പിലേക്കടർന്നുവീഴുന്നു
ഭ്രാന്തൻപൂക്കൾ,

ചമ്മട്ടിയടിയേറ്റ കുതിരകൾ
ചവിട്ടിമെതിച്ചുകൊണ്ട്
ചതുപ്പു താണ്ടുന്നു,
ഖഡ്ഗസീൽക്കാരത്തിൽ
ദുർദേവതകൾക്ക്
ഭ്രമണപഥം തെറ്റുന്നു.

അതാ, എത്തിപ്പോയി!
സൂചി പറിച്ചെറിയും മുമ്പേ
ഒരു പ്രേമോഷ്മളചുംബനം!
വെളിച്ചം തിരയടിച്ച്,
തുറക്കുന്നു കണ്ണുകൾ!
ഇരമ്പുന്നു നഗരം!
ഇല്ല, ഒന്നും നഷ്ടപ്പെട്ടിട്ടില്ല.

രാജകുമാരിക്ക്
ഉറക്കംപോലും നഷ്ടപ്പെട്ടിട്ടില്ല!

(ദേശാഭിമാനി വാരിക, 1998)

— 15 —

## കരിയെറുമ്പുകൾ

കരിയെറുമ്പുകൾ, നല്ല കാലത്തിൻ
വിളംബരം കൊണ്ടുവന്നവർ, ജാലക-
പ്പടിയിലാകെപ്പടർന്നു പുരാതന
സ്മൃതിസുഗന്ധം കൊതിച്ചോടിവന്നവർ.
ഉടലുമുയിരും കറുപ്പെന്നു കരുതി നാ-
ളിതുവരേക്കും കനിഞ്ഞു കണ്ണുഴിയാത്ത
ചെറിയ പാന്ഥർ, വിരക്തിയേശാത്തവർ
ജീവിതോത്സവ കാവ്യം രചിക്കുവോർ.
ചകിതമാനസർ, പെരുവിരൽത്തുമ്പിലൂ-
ടൊഴുകിനീങ്ങും നിരാശ്രയർ, ചേറ്റിലും
ചരലിലും ചിരിവാർന്ന് വറ്റുമ്പൊഴി-
യുറവ തേടിത്തളർന്നു വന്നെത്തുവോർ.
എവിടെനിന്നും വരുമിവർ, മണൽ വാർന്ന
വഴികൾ തേടിപ്പിടിച്ചും മണത്തുമീ
മറവിതൻ പെരുംകോട്ടയിൽ മഞ്ഞുവീ-
ണോണമടരുകൾക്കുള്ളിൽക്കിടക്കവേ.
കടൽ കടന്നും കരയ്ക്കകത്തെരിയുന്ന
കരിനിലങ്ങൾ, കാന്താരങ്ങൾ താണ്ടിയും
പരിഭവങ്ങൾക്കു മീതെപ്പറന്നുയർ-
ന്നൊടുവിലീ പടിപ്പുരയിൽ വന്നെത്തുന്നു.
ഓണവില്ലും കടുംതുടിത്താളവും
കാട്ടുചോലക്കിലുക്കവും തുമ്പികൾ
തുള്ളിയാർക്കും തിളക്കവും പൂങ്കുല-
ക്കുട നീളെക്കുലുങ്ങും മണങ്ങളും

തുഴകളൊന്നിച്ചുയർത്തും തരംഗവും
ചുവടിനൊപ്പം തുടുക്കും കപോലവും
അതിലുലാവും വെയിൽമഴച്ചിന്നലും
ഇവിടെയു, ണ്ടതിൻ തരി നുണഞ്ഞീടുവാൻ.
ഒരു സുഖസ്മിതംപോലെ, മലർപ്പൊടി-
ക്കനവുപോലിതെന്നാർ ചിരിച്ചീടിലും
കരുതിവെക്കുവോർക്കെന്നും തിരുവോണ
ലഹരിയായാണ്ടു മുങ്ങിത്തുടിക്കിലും
നറുനിലാവിൻ തിളക്കമാ, യരിമണി-
ത്തരി വെറും നെഞ്ചിലേറ്റിത്തിരിക്കവേ
ഓണമുണ്ടെന്ന നിനവിൽ നിറഞ്ഞിടും
കരിയെറുമ്പിന്റെ കരളാരറിഞ്ഞിടാൻ

(മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1998)

— 16 —

## സന്ധ്യയിൽ ജനൽ തുറക്കുമ്പോൾ

ജനൽ തുറക്കുവാനോർത്തതില്ലിതുവരെ
ഉദയമെവിടെയെന്നൊരു നോക്കു കാണുവാൻ
അൻപതാണ്ടിൻ കറുപ്പും വെളുപ്പുമീ
വിരലിലുണ്ടോ? വെളിച്ചം പിടിക്കുവിൻ!
ഇളവെയിൽ കാഞ്ഞിരിക്കുവാൻ പെണ്ണിനു
സമയമെ, ങ്ങിളവിലോർമ്മകൾ നൂൽക്കുവാൻ
ഇളകിയോടുന്ന യന്ത്രാശ്വമാക്കവേ
വലതു കാലൂന്നി വേഗം കുറിക്കുവോർ?

ജനനരേഖയ്ക്കു മീതെ തിളയ്ക്കുന്ന
മിഥുനരാശിയിൽ ബാഷ്പചിഹ്നങ്ങളായ്
നിഴലു നീണ്ടു നീണ്ടിരവിൻ കറുത്ത പായ്
ഇവളെ ജഡമായ് ചുരുട്ടുന്നു നിത്യവും.
മുഖമുടച്ചിവിടെ ഭാഷയെ, നെറികെട്ട
മുനയുര, ച്ചുഗ്ര വജ്രവേധങ്ങളാൽ
അകിടുകീറിക്കുടിക്കുവാനുതകുന്ന
ഗഹനലാവണ്യശാസ്ത്രം മെനഞ്ഞവർ.

പുതിയ തച്ചും പുരാണവും ചേർത്തവർ
മച്ചിലെന്നോ പണിഞ്ഞിട്ട പാഠമായ്
ഉണ്ട് തട്ടകം! തട്ടേറി നില്ക്കവെ
ഇവളഭിരമിച്ചറിയാതുറഞ്ഞു പോയ്!

അറിവ് തെളിവൂറ്റി മാറ്റി, കുറുക്കിയൻ-
പനുദിനം തൊട്ടു നാക്കിലിറ്റിക്കവെ
ഇടിമുഴക്കം ശ്രവിക്കാത്ത കൂട്ടിൽ നി-

ന്നരിയ വെൺപിറാവെങ്ങോ പറന്നുപോയ്.
ജനലുപോലും മറന്നൊരീ സന്ധ്യയിൽ
കനലിതൊക്കെ തണുത്താറി നില്ക്കവെ
കരതലം പിടിച്ചാരോ നിമന്ത്രിപ്പൂ
വരിക സ്വാതന്ത്ര്യമന്ത്രം പുതുക്കുവാൻ.

കൊടിപിടിക്കെയന്നക്കൂട്ടരൊന്നിച്ചു
കോൾമയിർ കൊണ്ടുണർന്നവർ ഞങ്ങളും
അറിവു ചുംബിച്ചുണർത്തും മനസ്സിൽ
തരംഗവേഗം പുണർന്നവർ ഞങ്ങളും
അടിതടുക്കാ, തുയിർത്തിരപ്പടഹമായ്
ആർത്തിരമ്പിപ്പടർന്നാത്മവഹ്നിയാൽ
അരിനിലങ്ങൾക്കു തീകൊളുത്തീടുവാൻ
വിരലു വിരലിൽ കൊരുത്തവർ ഞങ്ങളും.

അമൃതമാർ കവർന്നെവിടെവെച്ചെന്നുമാർ
അതു നുകർന്നമര സംസ്കൃതിക്കുടമയായ്
ഇവിടെയധികാരഗർവം ജ്വലിപ്പിച്ചു
കൊടികൾ നാട്ടിയെന്നിവരറിഞ്ഞില്ലപോൽ!
സഹനസീമകൾക്കപ്പുറം കുശമുന-
ത്തുമ്പിലമൃതം കൊതിപ്പിച്ചു, വാഗർത്ഥ-
ഹൃദയതാളം പിളർത്തിയും ശാക്തേയ
കണികയൂറ്റിത്തളർത്തിയും മകുടിയിൽ
പാടുമേതോ ദുരുഹരാഗത്തിന്റെ
വടിവിലാടാൻ വിധിച്ചവർ ഞങ്ങളെ.

തുകലുരിച്ചും നുറുക്കിയും വഴിയോര-
വാണിഭത്തിൻ കിലുക്കം നടക്കവെ
'എവിടെ സ്വാതന്ത്ര്യം?' എന്നുണർന്നളിയുന്ന
മൃതവിമൂഢസങ്കല്പം കുഴിക്കയാം.

ഇനി തുറക്കട്ടെ ജാലകം, ഭീതികൾ
ചിറകടിച്ചാർത്തു നില്ക്കയാണിരുപുറം
പുതുവെളിച്ചം കടന്നീ തളങ്ങളിൽ
സകല മാനവ സ്വാതന്ത്ര്യമുണരുമോ?
പ്രണയമാറിക്കൊഴിഞ്ഞു, മഞ്ഞുരുകുന്നു
വ്രണിതമേഘം ജ്വലിച്ച സായന്തനം,
നിറുകയിൽ കാറ്റടങ്ങാത്ത ഗദ്ഗദം

കരിമെഴുക്കായ് കലിച്ചലക്കും കടൽ.

എവിടെയൊക്കെയോ പാറുന്നു, തൊട്ടുതൊ-
ട്ടുരസിടുന്നു മൂവർണ്ണങ്ങൾ പുല്ലിലും
പുഴവിലും പാതവക്കിലും പാട്ടിലും
പുകയടുപ്പിന്റെ വാക്കിലും നോക്കിലും.

ക്ഷേത്രപാലകരോങ്ങുന്ന വാൾത്തല-
യ്ക്കടിയിലൂടെ കുതിച്ചെങ്ങൾ വന്നിട്ടും
കവിൾ കരിഞ്ഞതിച്ചേലയാൽ മൂടിടാം
കരൾ കരിഞ്ഞതിങ്ങാരറിഞ്ഞീടുവാൻ!

(യോഗനാദം, 1998)

— 17 —

## തിന്നതും കൊന്നതും

എന്റെ കുഞ്ഞിനിന്നുത്സവം!  മുറ്റത്തു
മുല്ലപൂത്തത, ല്ലാദ്യമായ്  റോസയിൽ
മൊട്ടുവാർത്തത, ല്ലാരും വിളിക്കാതെ
പൂമ്പൊടിയിൽ കുതിർന്നു നിറം വായ്ച്ച
കാറ്റിലേറിക്കുണുങ്ങും ശലഭമ-
ല്ലായിരം ചെറുപാദങ്ങളിൽ കാട്ടു
നാട്ടു നീളെ ചുവട്ടു വെച്ചേറുന്ന
ത്തുമഴത്തെയ്യമാട്ടും കളിയല്ല!

എന്റെ കുഞ്ഞിനെന്തുത്സവം!  വീട്ടിലെ
പൂച്ച പെറ്റു കടിഞ്ഞൂൽക്കനികളെ
എന്തൊരോമനച്ചന്തമാണഞ്ചുപേർ
കൺതുറക്കാൻ മടിക്കുന്നൊരുണ്ണികൾ!

ഏകനായ്  കളിച്ചേറെ മടുത്തവൻ,
കൂട്ടുകാരെ കരളിൽ കവർന്നവൻ,
നെഞ്ചിലേറ്റിപ്പുണർന്നു തൻ പാവകൾ-
ക്കുതി ജീവൻ പകരാൻ കൊതിച്ചവൻ
ഊണുമൂരും മറന്നു നിഴൽപോലെ
ഒട്ടിനില്ക്കയാണിറ്റില്ലവാതിലിൽ,
പാതിപ്രാണൻ പകുത്തുവെച്ചോടുന്നു
പാഠശാലച്ചുട്ടുമണിയൊച്ചയിൽ.

അന്തിവെയിലൊപ്പമോടിത്തിരിച്ചെത്തി
ഉമ്മറം ചാടി ദൂരം മറക്കുന്നു,
ഉമ്മവെക്കാനുഴറിക്കുതിച്ചുടൻ

ആര്ത്തിരമ്പുന്നിതത്ഭുതം, ഗദ്ഗദം:
“രണ്ടുപേർ മണിക്കുഞ്ഞുങ്ങളെങ്ങുപോയ്?
അമ്മയാർക്കു കൊടുത്തു? നേർ ചൊല്ലണം!”
ഇല്ല, നേരമ്മ തന്നെയാ കുഞ്ഞിളം
മേനിയാൽ പശിയാറ്റിയെന്നോതി ഞാൻ.

തിന്നുവാനെങ്കിലെന്തിനീ കള്ളിയാം
പൂച്ച അമ്മ ചമഞ്ഞതു് ജീവനോ-
ടുണ്ണിയെപ്പെറ്റു പറ്റിക്കിടന്നതും
പാൽ ചുരത്തി ചൊരിവായ് നനച്ചതും?

കണ്ണുനീരോടുതിർന്ന ചോദ്യങ്ങളെൻ
നെഞ്ചിൽ വീണു കലമ്പിക്കലങ്ങുമ്പോൾ
ചേർത്തു പേർത്തും പുണർന്നുകൊണ്ടമ്മ തൻ
സ്നേഹ സൗഖ്യം പൊലിപ്പിച്ചു നിന്നു ഞാൻ.

കാടെരിക്കുന്ന കാണാമുനമ്പിലെ
തീയുണർത്തുന്ന ചിന്തയിൽ വെന്തുകൊ-
ണ്ടല്പനേരം കഴിഞ്ഞവൻ ചോദിച്ചു:
“തിന്നതൊക്കെയും പെണ്ണായിരുന്നുവോ?”

(സെക്രട്ടേറിയറ്റ് സർവീസ് ഓണപ്പതിപ്പ്, 1998)

— 18 —

# ദൂരം

ദൈവമേ, നിന്നിലേക്കെത്ര ദൂരം? മുഴ-
ക്കോലുകൊണ്ടേറെയളന്നു നടന്നു ഞാൻ.
അറ്റം ദ്രവിച്ചൊരീ കോലിനാൽ നക്ഷത്ര-
ദൂരങ്ങൾ താണ്ടുവാനുണ്ടോ കണക്കുകൾ?
കാറ്റും മഴയും മെതിച്ചു കുഴച്ചിട്ട
ഞാറ്റുവേലപ്പാടമാകെ തിരഞ്ഞു ഞാൻ
ഓരോ ചവിട്ടടിപ്പാട്ടും വികലമായ്
നേരേ ചൊരിഞ്ഞിട്ട വാക്കും വികല്പമായ്.
മൺതരിക്കൊപ്പം പൊടിഞ്ഞ പൊൻമുദ്രകൾ
കുട്ടിവിളക്കിത്തരും പാതിനേരുകൾ
കുറ്റൻ വരയൻ കുതിരയായ് കാടേറി
ആടിത്തകർക്കും വഴി വെടിഞ്ഞോടി ഞാൻ.
തുമ്പിയെ പിൻതുടർന്നോരോ ചെടിയിലും
പൂവിലും കൈനീട്ടിയോടി, കടംകഥ-
ക്കാട്ടിൽ കയറി കരിംപച്ച മൗനത്തി-
ലീണം പകരും കുയിലിനെത്തേടി ഞാൻ.
പാടിക്കുളിർപ്പിച്ചു, പാടേ മറ, ഞ്ഞില-
പ്പൊയ്ജാലകങ്ങളിൽ കണ്ടുകണ്ടില്ലെന്ന
മോഹം ജ്വലിപ്പിച്ചു, പ്രേമഗർവിഷ്ടം
നടത്തീ മുഖം കൂർത്ത മുൾക്കാട്ടിലൊക്കെയും.
അമ്മയെക്കാണാഞ്ഞുഴന്നു പായും മുയൽ-
ക്കുഞ്ഞിൻ നനഞ്ഞ പാൽക്കണ്ണിൽ കലക്കമായ്
ഒറ്റയ്ക്കുറക്കം വരാതെ പിടയ്ക്കുന്ന
കറ്റക്കിടാവിൻ കുടമണിത്തേക്കമായ്

പ്രേമപ്രകമ്പനം കാണാത്ത വിണ്ണിന്റെ
മാറിലേയ്ക്കാഴിക്കുതിപ്പിൻ കഴപ്പുപോൽ
കണ്ണുകെട്ടിത്തടഞ്ഞിങ്ങു വന്നെത്തി ഞാൻ
വീണ്ടും വരയൻ കുതിരയ്ക്ക് പിന്നിലായ്!
ഒപ്പം കറുപ്പും വെളുപ്പും വരയിട്ടൊ-
രീ തൊലിക്കുള്ളിലാണുൺമതൻ നേർവഴി
സ്വപ്നഭ്രമം വായ്ച്ചതിൻ കുഞ്ചിരോമങ്ങൾ
സപ്തവർണ്ണങ്ങളിൽ മുക്കുന്നു കാഴ്ചയെ.
തീർത്ഥങ്ങളിൽ, ക്ഷേത്ര വാടങ്ങളിൽ ചെന്നു
പ്രാർത്ഥിച്ചു, നേദിച്ചു പുണ്യമാർജ്ജിക്കിലും
ക്ഷേത്രജ്ഞനാരെന്നറിയാതെ പഞ്ചാഗ്നി-
യാളിപ്പിടിക്കും തിറയെടുത്താടി ഞാൻ.
ഇക്കനലാട്ടം നിറുത്തുവാനാരുമി-
ല്ലേഴ കടലും മലയും മതിമറ-
ന്നാഗോളനൃത്തം ചവിട്ടുന്നു, താഴെ
ചതുപ്പിൻ ചതിക്കുട്ടിലെത്രയാണുണ്ണികൾ!
നാക്കിലാർക്കോ മുറിവുണ്ടതിൻ ചോര വാർ-
ന്നെന്റെ വാക്കും മുറതെറ്റി വിറയ്ക്കുന്നു
നോവേറു പാഞ്ഞേറിയുള്ളം പിളർന്നവർ
ചങ്കിലമ്പേറ്റു പിടയ്ക്കുന്നു ദൈവമേ!
ഇത്തിരി വെള്ളമിക്കയ്യിൽ, പടവെത്ര
പാതാളദൂരം! പറയുന്നതാരിത്?
"വെച്ചകാൽ പിന്നോട്ടെടുക്കേണ്ട, പോകുക
തൊട്ടുനിൻ പിന്നിൽ ഞാനിപ്പോൾ നടക്കുന്നു."

(കേരളകൗമുദി ഓണം വിശേഷാൽപ്രതി, 1998)

— 19 —

## ഭിക്ഷ

ഭിക്ഷചോദിച്ച മുറ്റത്തു നില്ക്കുമീ
വൃദ്ധയാരെന്ന് തേച്ചുരച്ചോർമ്മ തൻ
പൊട്ടനാണയം നെഞ്ചിൽ തിരുപ്പിടി-
ച്ചൊട്ടുനേരം തിളക്കം തിരഞ്ഞു ഞാൻ.

ഇല്ല ഭാണ്ഡങ്ങളൊന്നുമാ കൈകളിൽ
കഞ്ഞി പാർന്നു കഴിക്കാൻ കലങ്ങളും
ഉള്ളിലേതോ കരിങ്കടൽ തേങ്ങുന്നു
ചങ്കിലേതോ പിറാവിൻ കിതപ്പുകൾ.
അന്തമില്ലാത്ത നോട്ടം, പറന്നുല-
ഞ്ഞാകെ നെറ്റിയിൽ മൂടും മുടിയിഴ,
വാക്കിനേക്കാൾ മുഷിഞ്ഞ മേൽമുണ്ടിന്റെ
വക്കിലെന്നോ തുരുമ്പിച്ച പൊൻകര.

വർഷമേറെപ്പതിച്ചു നീർച്ചാലുകൾ
ഹർഷമൊക്കെയും വാറ്റിത്തരിശായ
കണ്ണുമീ കവിൾപ്പാടവും കാലത്തി-
നേതു മുക്കിൽ ഞാൻ കണ്ടു മറന്നുവോ?

മൂക്കു മാത്രം തെളിഞ്ഞു നില്ക്കുന്നതിൽ
ചേർന്നിരിക്കുന്ന മൂക്കുത്തിയായരി-
മ്പാറ ചേലൊത്തുയർന്നുരുണ്ടങ്ങനെ
ഊരി വാങ്ങാൻ വഴങ്ങാതെ വാശിയിൽ.

ചോറിലല്പം പുളിശ്ശേരി, പപ്പടം,
തോരനിട്ടു പഴങ്കിണ്ണമൊന്നു ഞാൻ
വെച്ചുനീട്ടി, വിറയ്ക്കും വലംകരം

കണ്ടതും വിരലാറായ് വിടർന്നതും
ഹാ, സുഭാഷിണി! നീണ്ടുനിവർന്നെന്റെ
മുന്നിലൂടെപ്പറക്കുന്നു ദൃശ്യങ്ങൾ!
പന്തമാളിപ്പിടിക്കുന്ന യൗവന-
ദീപ്തിയിൽ കലാശാലപ്പൊലിമകൾ...

ആർക്കുമാർക്കും ചുരുങ്ങിക്കൊടുക്കാത്ത
വാങ്മയം, രൂപസൗഭഗം, ദേവതാ-
പൂജകൾക്കു വാൽക്കണ്ണിലെ മുദ്രകൾ
തീറെഴുതിക്കൊടുക്കാ മനക്കനം.

ഇത്ര മേൽ കരുത്തെന്തിനു പെണ്ണിനെ-
ന്നന്നു ഞങ്ങൾ കൊരുത്തു കൊത്തുമ്പൊഴും
മെല്ലെ മെല്ലെച്ചിരിച്ചുകൊണ്ടുള്ളിലെ
ഗന്ധകച്ചെപ്പൊളിപ്പിച്ചു നിന്നിട്ടും.

പോകുവാനുണ്ട് കാതങ്ങളെറെയെ-
ന്നോടിമിന്നും കുതിരയെ കാറ്റിന്റെ
വേഗമാർന്നു തളച്ചു പ്രിയംപെറ്റ
പൊന്നുരുക്കിക്കടിഞ്ഞാൻ പണിഞ്ഞവർ.
പിന്നെയെപ്പോഴോ കേട്ടു, ചിറകറ്റ
ദൈന്യമായ് കുഞ്ഞുമക്കളെപ്പോറ്റുവാൻ
പാടുപെട്ടതും കാലം തെളിഞ്ഞതും;
നാടകം പോൽ ഇരക്കുമിക്കാഴ്ചയും...
പേരെടുത്തു വിളിച്ചു ഞാൻ, പെട്ടെന്നു
ചോറിടഞ്ഞു ചുമച്ചുതിരിഞ്ഞവൾ
വേലി കെട്ടാത്ത വിസ്മയം ഭീതിയായ്
കൈകുടഞ്ഞു കുഴഞ്ഞെഴുന്നേല്ക്കയായ്

'നില്ക്കു, നില്ക്കെ'ന്നു ചൊൽകെപ്പടികട-
ന്നെത്ര വേഗം തിരക്കിൽ മറഞ്ഞുപോയ്
അന്നു നെഞ്ചിൽ കുരുങ്ങിക്കിടക്കിലും
കാടു തേടിക്കുതിക്കും കപോതമായ്.
ഉമ്മറത്തെന്റെ മക്കൾ, മരുമക്കൾ
അമ്മ തൻ ഭ്രാന്തിനർത്ഥം പെരുക്കുന്നു
'വേണ്ട, വേണ്ട'ന്നു ചൊല്ലുന്ന വായിലും
ചോറുരുട്ടിക്കൊടുക്കും തമാശയായ്.

വൃദ്ധദൈന്യമെൻ നെഞ്ചിലെപ്പൊയ്കയിൽ

കല്ലെറിഞ്ഞൊരാ പേടിനോട്ടത്തിനാൽ
എന്റെയോമനത്തിങ്കളിൻ തൂനിഴൽ
നൂറുനൂറായ് നുറുങ്ങിക്കലങ്ങിയോ?

(യോഗനാദം, 1998)

— 20 —

# വാക്കിന്റെ വരി

(ഒരേ സമയം രണ്ടു വാക്കുകൾ ഉച്ചരിക്കാനോ എഴുതാനോ സാധ്യമല്ലെന്ന സത്യത്തിൽ അധികാരത്തിന്റെ ശക്തിയും മനുഷ്യന്റെ നിസ്സഹായതയുമുണ്ട്. വാക്കിന്റെ വരിയിൽ ശിക്ഷയുണ്ട്—ശിക്ഷണമായും ശിക്ഷയായും; അതുകൊണ്ടു ഭാഷയിലും സംസ്കാരത്തിലും. വാക്കിന്റെ വരി തെറ്റിച്ചു പുതിയ എഴുന്നള്ളത്തു നടത്തിയ കവിയാണ് എഴുത്തച്ഛൻ. കവിതയിൽ പുതിയ എഴുന്നള്ളത്തുകൾക്കായി കാലം കാതോർക്കുന്നു.)

ഇപ്പോൾ വാക്കുരുളുന്നത്
നേർവരയിൽ മാത്രം.
അതുണരുന്നതും ഉരുളുന്നതും
നേർവരയിൽ മാത്രം.

ആടുകളെ
ഒറ്റയടിപ്പാതയിലൂടെ
ഓടിച്ചുകൊണ്ടിരിക്കുന്ന
ഇടയനാര്?
ഇടറാത്തവനാര്?

നേർക്കുനേരെ
ഇടിച്ചുതള്ളിയും
കൊമ്പു കോർത്തും
തീപ്പുക വിഴുങ്ങി
തരംഗദൂരം നേർപ്പിച്ച് കൂർപ്പിച്ച്
ലേസർ നാക്കു നീട്ടി
വാക്കുരുളുന്നു-
എപ്പോഴും നേർവരയിൽ.

ഞാനും നീയും
വാക്കിൻ വായിൽ
ശരം തൊടുത്ത്
'ഞാൻ' മുഴക്കുന്നു.
ഹുംകൃതിയായ്
അഹംകൃതിയായ്
സംഘസ്മൃതികളിൽ
അതു തുള വീഴ്ത്തുന്നു.
ബുദ്ബുദങ്ങൾ ഊതിത്തള്ളുന്ന
ആത്മവിഭൂതികൾ
വാക്കുകളിൽ
തുടം വെച്ച് പൊട്ടുന്നു.

പ്രപഞ്ചഗർഭത്തിന്റെ
ഡിജിറ്റൽ ഇമാജിംഗിൽ
തളപ്പുകളില്ലാത്ത
വിസ്മയങ്ങളുടെ നീരൊഴുക്കിൽ
കലങ്ങുന്ന കവിതകൾ,
കലമ്പുന്ന സംഗീതം,
കരസ്പർശമേൽക്കാത്ത വർണങ്ങൾ
സ്ഥലകാലസന്ധികളിലൂടെ
വാക്കിൻവരിയിലേക്ക്
ചെരിഞ്ഞുവീഴുന്നു;
അർഥങ്ങളുടെയും
അർഥപാപങ്ങളുടെയും
വ്യാഘ്രചർമത്തിൻ
പടിഞ്ഞിരിക്കുന്നു.

സ്രവങ്ങളിൽ
തുറുകണ്ണുഴിയുന്ന സ്രാവുകളും
ഹിരോഷിമകളും
പൊഖ്റാനുകളും
ശവഭാഷണം നടത്തുന്നത്
ഇവിടെയാണ്.
ശാർദൂല വിക്രീഡിതവും
മന്ദാക്രാന്തയും
കാകളിയും മഞ്ജരിയും

വക്കുടഞ്ഞ് സ്തംഭിച്ചുനിൽക്കുന്നു.
മറക്കുടയ്ക്കുള്ളിൽ ഗീതയും
മൈതാനത്തിൽ മാർക്സും
ഉറയൂരാത്ത
അരുളപ്പാടുകളുടെ
വരിയിലിഴഞ്ഞ്
ഫണമുയർത്തുന്നു.
വിഴുങ്ങാനായുന്ന
തിമിംഗലത്തിന്റെ വിസ്തൃതിയും
പച്ചിലക്കുത്തിലെ ഒറ്റകണ്ണിപ്പാമ്പിന്റെ
മൂർച്ചയും കരുനീക്കവും വാക്കിലുണ്ട്.
വാക്കുരുളും വഴി
വന്യമാണ്
എഴുതിക്കൊഴുപ്പിച്ച്
കൊഴുത്തു തടിക്കുന്ന പന്നിപ്പറ്റങ്ങളും
വലിച്ചു കീറി ഉറുഞ്ചിക്കുടിക്കുന്ന
കടുവത്തോറ്റങ്ങളും
നടമാടുന്ന മഹാവിപിനം!

വാക്കിൻ വരി
അധികാരത്തിന്റേതാണ്.
വെട്ടിയൊരുക്കിയ നടപ്പാതയിൽ
വരി തെറ്റാതെ
ചിക്കിച്ചിനക്കുന്ന കോഴിക്കുഞ്ഞുങ്ങൾ
വിരാട് രൂപങ്ങളായി വളരുന്നു
സ്വർണത്താമ്പാളംകൊണ്ടോ
അണുബോംബുകൊണ്ടോ
സത്യത്തിന്റെ മുഖം മറയ്ക്കുന്നു!

അതിനു നേരേ
പറക്കുന്നതേതു പക്ഷി?
മുഖം തേടുന്ന വിരൽ
വിണ്ടു വിടർന്നാലും
കാഴ്ചയന്വേഷിക്കുന്ന കണ്ണ്
ഉരുകിയൊലിച്ചാലും
ഉയിരുലച്ചുയരും ഗരുഡായനം
മുറുകി അയഞ്ഞ്

നീരാവിയായ്,
അനാമികയായ്
അരൂപിയായ്
അചേതനമായ് മാറുന്നു;
അനന്തതയിൽ
അളിഞ്ഞഴുകി
പിന്നെയും മുളയ്ക്കുന്ന
വിചാരങ്ങളിൽ വീണു കലങ്ങി
സാഗരഗർഭത്തിലേക്ക് പെയ്യുന്നു.

[1] ടോപ്പ് ക്വാർക്കുകളെ വലവീശി
ഉറക്കമൊഴിക്കുന്ന താന്ത്രികർ
വാക്കിലെ ക്വാർക്കുകളെ
വിസ്മരിച്ചുവോ?
അവയ്ക്കും സിഗ്നേച്ചറുകളുണ്ട്!

ജൈവചേതനയിൽ
വരകളും മുറകളും
കരിയും പുകയും
ഭ്രാന്തും ആർത്തനാദവുമായി
സിഗ്നേച്ചറുകൾ കുന്നുകൂടുന്നു.

അടയാളങ്ങൾ
തണുത്തുറയുമ്പോൾ
സ്മൃതികൾ വിണ്ടുകീറുമ്പോൾ
കൊടുങ്കാറ്റുകൾ ഒടിഞ്ഞു മടങ്ങുമ്പോൾ
വാക്കുകൾക്ക്
വരി തെറ്റാത്തതെന്തേ?

(ഭാഷാപോഷിണി, 1999)

1 ശാസ്ത്രത്തിന് ഇനിയും രൂപനിർണയം സാധിച്ചിട്ടില്ലാത്ത അതിക്ഷണഭംഗുരമായ ഉപന്യൂക്ലിയാർ കണങ്ങൾ.

— 21 —

# ശൂന്യം

ഇന്നലെ
ഞാനത്  കമഴ്ത്തി വെച്ചു.
മണ്ണൊഴുകിപ്പോയ
ഗുലിസ്ഥാൻ താഴ്വരയിൽ
വിരിച്ചിട്ട വർണ്ണപ്പരവതാനിയിൽ
കാലുകളില്ലാതെ ഒഴുകി നടന്ന
ചില്ലുമേശയിലാണ്
അതിരുന്നത്-
സ്വപ്നങ്ങൾ നുള്ളിയിടാനുള്ള
മാന്ത്രികക്കോപ്പ!

കളഞ്ഞുകിട്ടിയതല്ല,
തായ്‌വഴി വന്നതോ എന്നറിവില്ല,
ഉമിത്തീയിലുരുകിത്തെളിഞ്ഞ്
വാർന്നുവീണതറിഞ്ഞു.

പുഷ്പരസങ്ങളിൽ നിറം കാച്ചിയ
പുഷ്യരാഗത്തിൻ കൈപ്പിടിയും
നീർമാതളപ്പൂമ്പൊടി പാറിവീണ
ഗോമേദകക്കവിളുമായി
അതങ്ങനെ
വായ്‌പൊളിച്ചിരുന്നു.

അപ്പൂപ്പൻ താടികൾ
അരുമച്ചുവടുകൾ വെയ്ക്കെ
അടിതെറ്റി വീണതിൽ

കലുങ്ങിക്കുഴഞ്ഞു.
ആലിൻകൊമ്പിൽനിന്ന്
ഒഴുകിവന്ന പീതാംബരം
ശിരസ്സിൽ വീണ രാധിക
ചെരിഞ്ഞ പാൽക്കുട
സ്വപ്നങ്ങളാൽ
അതിൻ ചന്തം
മിനുക്കിക്കൊണ്ടിരുന്നു.
വിശുദ്ധിയുടെ ഗർഭലവണങ്ങളിൽ
സ്ഫുടം ചെയ്ത
സ്ഫടികയൗവനത്തിൽ
ലാവണ്യരസം നിറഞ്ഞു പതഞ്ഞു
എല്ലാം നന്നായിരുന്നു-
പക്ഷേ,
ഇന്നലെ രാവിൽ
ശലഭങ്ങളുടെ കരിഞ്ഞ ചിറകും
മധുവുണങ്ങിപ്പിടിച്ച സ്പർശിനികളും
അതിൽ മുറിഞ്ഞുവീണു;
പിന്നീട്ട് ചോരത്തുള്ളികളും.

അമ്മമാരുടെ നെഞ്ചിലെല്ലാം
ഇരുമ്പാണികളാണെന്ന്,
മുലപ്പാലിൽ
തുരുമ്പു കലങ്ങിയിരിക്കുന്നെന്ന്
എന്തിന് ഞാനറിഞ്ഞു?
ക്ലാവു പിടിച്ച സ്നേഹായനങ്ങൾക്ക്
കൂട്ടു പോകാനുള്ള
ചഷകമത്രേ ഇത്!

ഞാനത് കഴുകി
കമഴ്ത്തി വെച്ചു.
നോക്കൂ,
ഇപ്പോൾ അതിലൊന്നുമില്ല!
ശുദ്ധമായ,
ശൂന്യമായ,
പളുങ്കുപാത്രം!

(ദേശാഭിമാനി വാരിക, 1999)

— 22 —

## കാറ്റു പറയുന്നത്

ആരുതേതാണീ ശബ്ദം?
നദിക്കക്കരെനിന്ന്
തോണിക്കാരനെ വിളിക്കാതെ
ആഴങ്ങൾ കൺപാർക്കാതെ
നീരൊഴുക്കിനു മുകളിലൂടെ
കാറ്റിൻ കഴുത്തുഞെരിച്ച്
അമറി വരുന്ന ശബ്ദം
ആരുടേതാണ്?

ചിതറിച്ചിലമ്പുന്ന
കുപ്പിച്ചീളുകൾ
തണുത്ത ചോരയിലേക്ക്
വലിച്ചെറിയുന്നതാർ?
പതഞ്ഞു ചിരിക്കുന്ന പുഴയും
നിമിഷനേരം നടുങ്ങിപ്പിടയുന്നു.

കാലത്തിനപ്പുറം
കാറ്റിന്റെ ശ്രവണഗോപുരത്തിൽനിന്ന്
ഉറയൂരിപ്പറന്നുപോയ
വാക്കിന്റെ
തീനാക്കുപോലെ
കാതിൽ പൊരിഞ്ഞുപിടിക്കുന്നത്
ആരുടെ ശബ്ദം?

അയാൾക്ക്
നെഞ്ചിൽ തുളയുണ്ടായിരുന്നുവോ?

ചെന്നിയിൽ ചോരക്കറ വാർന്നിരുന്നുവോ?
അഴുക്കുപിടിച്ച നഖങ്ങളും
ചളിക്കുപ്പായവും
ചെമ്പൻപല്ലുകളും
ചകിരിത്താടിയും ചേർത്തുവെച്ച്
കുഴിമിന്നിക്കണ്ണുകളാൽ
ജലബിംബങ്ങളിൽ
കല്ലെറിഞ്ഞുകൊണ്ട്
അയാൾ പറയാൻ ശ്രമിച്ചതെന്താണ്?
കാട്ടുതേൻ കല്ലിച്ച
കൺവെള്ളയ്ക്കു പിറകിൽ
എന്തായിരുന്നു
അയാളുടെ ആഹ്ലാദം?
കവിതയോ, കതിനയോ?

കൊയ്ത്തൊഴിഞ്ഞ പാടത്തിന്റെ
കുറ്റിത്തലമുടിയിൽ
ചൂണ്ടുവിരലമർത്തി
മൺകട്ടകൾ ഞരടിയുടച്ച്
ആകാശത്തേക്ക്
മോഹം കാറിത്തുപ്പിക്കൊണ്ട്
അയാൾ അന്തിക്കാറ്റിനോട്ട് പറഞ്ഞതെന്താണ്?

അതു മാത്രം
കാറ്റു പറയുന്നില്ല!
കിറുക്കനെപ്പോലെ
പിറുപിറുത്തുകൊണ്ട്
മുരണ്ടുകൊണ്ട്
അതലറിപ്പായുന്നു

കുറ്റിക്കാട്ടിൽ
പുള്ളിപ്പാവാടയ്ക്കടിയിൽ
ചിതറിച്ചീഞ്ഞു നാറുന്ന
എന്റെ മൃതദേഹം
അയാൾ കണ്ടിരുന്നോ?
അതും കാറ്റു പറയുന്നില്ല-
ഇത്ര മാത്രം:

'കാതോർക്കുക!
വായിച്ചെടുക്കുക!
ഇത്  നിന്റെ ഇടുക്കുവഴിയാണ്.'

(മാതൃഭൂമി വാർഷികപ്പതിപ്പ്, 1999)

— 23 —

## വിറക്

ഓർമ്മവച്ചപ്പോൾ മുതൽ
അവൾ വിറകു കീറിക്കൊണ്ടിരുന്നു
എന്തിനാണു വിറകു കീറുന്നത്?
ആവോ!

പച്ചമരക്കൂട്ടങ്ങൾക്കു നടുവിൽ
വെളിമ്പറമ്പിൽ,
വെയിൽ വാർന്നൊഴുകിത്തിളയ്ക്കുന്ന
മണൽത്തടാകത്തിൽ
ആരോ മുറിച്ചിട്ട മരക്കഷണങ്ങൾ
അവൾ കീറിക്കൊണ്ടിരുന്നു.
ഒരു നിമിഷം-
മഴുവിന്റെ ആരോഹണം!
ഒരു ശ്വാസം-
മഴുവിന്റെ കുതിപ്പ്!
വിറകു പിളരുന്നതു നെഞ്ചിൽ!
ആർക്കുവേണ്ടിയാണതു കീറുന്നത്?
ആവോ!

വിരുന്നുകാരുടെ ആരവം
വിളക്കുകളുടെ പാളിനോട്ടം
അന്തിക്കാറ്റിന്റെ വിയർപ്പുനാറ്റം
അരയാൽച്ചുണ്ടിലെ മുറുമുറുപ്പ്
മഴക്കിളിയുടെ തുവൽച്ചേതം
മഴുവറിഞ്ഞില്ല, അവളറിഞ്ഞില്ല.

നിഴൽപോലും വീഴ്ത്താതെ
മഴവിനും വിറകിനുമിടയിൽ
അപരാഹ്നമില്ലാത്ത ഉച്ചസ്സൂര്യൻ
കത്തിനില്ക്കുമ്പോൾ
വിറകവൾക്കൊരു വിഷയമല്ല,
ജീവിതമാണ്!
എവിടെനിന്നാണു കരിഞ്ഞ നാറ്റം?
ആരാണു കരിയുന്നത്?
ആവോ!

(കലാകൗമുദി, 1999)

— 24 —

## ഇടം

നിങ്ങൾ ഉണരുന്നതെവിടേക്കാണ്?
ആദ്യം കൺമിഴിക്കുന്നതെങ്ങോട്ടാണ്?
ഭൂമിയിലില്ലാത്ത നിറങ്ങൾക്കായി
നോക്കുന്നത് ആകാശത്തിലോ?
ഹൃദയത്തിലില്ലാത്ത പ്രകാശം
തേടുന്നത് ആദിത്യനിലോ?
നമുക്കറിയാം-
ഉറക്കത്തിനും ഉണർവിനുമിടയിൽ
എവിടെയോ കുഴപ്പമുണ്ട്
എനിക്കാകട്ടെ,
ഈ ഭൂമിയോടു പറയാൻ,
പറഞ്ഞു പറഞ്ഞ്
ഉറങ്ങിപ്പോവാതിരിക്കാൻ,
ഒരുപാട് സ്വകാര്യങ്ങളുണ്ട്.
പങ്കുവെയ്ക്കാൻ
ഒരു കുരുടനുമില്ലാതെ
ഞാനത് കഴുത്തിനു താഴെ
നെഞ്ചിൽ കെട്ടിത്താഴ്ത്തിയിരിക്കയാണ്.
കുരുവികൾക്ക് ചിലയ്ക്കാം
തേനീച്ചയ്ക്കാം കാറ്റിനും വിറയ്ക്കാം
ഞാൻ മാത്രം
ചലനമില്ലാതെ
ശ്വാസമില്ലാതെ
കെട്ടിക്കിടക്കുന്നു.

ഇരുട്ടിനും തണുപ്പിനുമപ്പുറം
നിങ്ങൾക്കിടയിലെ ജൈവതാപങ്ങളിൽ
എനിക്കൊരിടം വേണം!
ഭർത്താവിന്റെ നെഞ്ചിലല്ല
കുഞ്ഞിന്റെ സ്വപ്നത്തിലല്ല
വൃദ്ധസദനത്തിന്റെ
വിരക്തവർണ്ണങ്ങളിലല്ല-
എനിക്കൊരിടം വേണം!
ആറടി വേണ്ട,
ആറിഞ്ച് മാത്രം!
നിവർന്നൊന്നു നില്ക്കാൻ
കോട്ടുവായിട്ടുണരാൻ,
തോൾ കുലുക്കി വിയോജിക്കാൻ,
ഉപേക്ഷ കാണിക്കാനും
ഉറക്കെയൊന്നു പൊട്ടിച്ചിരിക്കാനും
ആർത്തുകരയാനും
അണച്ചുപിടിക്കാനും
മുഷ്ടിചുരുട്ടാനും
എനിക്കൊരിടം വേണം!
ആന്ധ്യത്തിന്റെ മുരിക്കിൻമുള്ളുകൾ
ഉരച്ചുകളഞ്ഞ് ഉഴക്കെണ്ണ തേച്ച്
കുളിച്ച് കുളിർന്ന്
വെറുതെയൊന്ന് നടുനിവർക്കാൻ
എനിക്കൊരിടം വേണം!
സദാചാരം വിഴുങ്ങി വിയർക്കുന്ന
മനസ്സ് വിവസ്ത്രമാക്കാൻ
വിസമ്മതിക്കുമ്പോൾ
ആർക്കോ വേണ്ടി
ഉറങ്ങിയുറങ്ങി മടുത്ത
എനിക്കുണരാൻ ഒരിടം വേണം!
എല്ലാവർക്കുമുറങ്ങാൻ
ആറടി മണ്ണ്!
എനിക്കുണരാൻ
ആറിഞ്ച് മണ്ണ്!

(കുങ്കുമം ഓണപ്പതിപ്പ്, 1999)

— 25 —

# വിനോദസഞ്ചാരി

കൂഹ്... ഹൂഹൂഹ്... ഹൂഹൂഹ
മരണരതിയുടെ
ഭ്രാന്തനിമിഷങ്ങളിൽ
ജന്മാന്തരങ്ങളിലെ
പാപസ്മൃതികളിലേക്ക്
പ്രേതഭീതികളിലേക്ക്
കൂവിയുണർത്തുന്ന നീ
കിളിയല്ല,
പക്ഷിയാണ്.
എൻ കുരുവികളുടെ
ഇളം തൂവൽ മൃദുമേനിയും
ചെറുകിതപ്പും സ്നേഹസാന്ദ്രിമയും
പാടേ വിഴുങ്ങുന്ന
സ്വപ്നറാഞ്ചൻ പക്ഷി
നിൻ ചിറകിൻ നിറവും
നീളവും വീതിയും
എനിക്കജ്ഞാതം,
എങ്കിലും
കണ്ണടച്ചാൽ ഞാനതു കാണുന്നു.
അലയുന്ന പൊന്തൻമേഘങ്ങളിൽ
ധ്രുവക്കരടിയെപ്പോലെ
പുതഞ്ഞുകിടന്ന നിന്നെ
ആരാണീ
മയിൽപ്പീലി മുനമ്പിലിറക്കിയത്?

ഞാൻ കടിഞ്ഞൂൽ പെറ്റ കിടാങ്ങൾക്ക്
എന്നകിട്ടിൽ
ഇനിപ്പം ഇടവുമില്ലെന്ന് വിധിക്കുന്ന
നീയാര്?
കടലിടുക്ക് ചുരത്തുന്ന
ഉഷ്ണവീചികൾക്കൊണ്ടവരുടെ
അടിയുടുപ്പ് കരിച്ച്
ഭ്രാന്തുപിടിപ്പിച്ച നീ.
ജീർണ്ണവസ്ത്രങ്ങളിൽനിന്ന്
പിടഞ്ഞുണരുന്നത്
വെളുപ്പൊട്ടുന്ന ശവക്കച്ചയിലേക്കെന്ന്
ആരും പറയുന്നില്ല.
ഇളനീരും പനിനീരും
തെളിനീരും പതഞ്ഞൊഴുകുന്നത്
ഗംഗയിലേക്കെന്ന്
ആരും പറയുന്നില്ല.
ഞങ്ങൾക്കും മരണത്തിനുമിടയിലെ
തിരശ്ശീലയിൽ
കഥ പറയുന്ന വേതാളങ്ങൾ
കയറിക്കൂടിയിരിക്കുന്നു.
ചോദ്യം വറ്റിയ
കഥാസരിത്സാഗരത്തിൻ
മുണ്ഡനം ചെയ്ത മനസ്സുമുക്കി
മൂളുന്നുണ്ട് വേതാളങ്ങൾ.
ചരക്ക നിറഞ്ഞ
പത്തേമ്മാരികളിൽ നോക്കി
പരന്ത്രീസിൽ പുലമ്പി
കച്ചവടമുറപ്പിക്കയാണവർ.
വിനോദത്തിന്റെ നങ്കൂരം നാട്ടാൻ
കടൽക്കാക്കകളെ കൊത്തിയാട്ടുന്ന
കുറ്റൻപക്ഷിയെ
ആരും കാണുന്നില്ലേ?
വൻകരകളെ-
കരിഞ്ചിറകിനാൽ മൂടി
കടലുകളെ ക്ഷുദ്രപദംകൊണ്ടളന്ന്
ഇന്റർനെറ്റിന്റെ ഇടനാഴികളിലൂടെ

പ്രേതവേഗത്തിൽ
അരൂപിയായ് പറന്നുവീണ്
പുതിയ ഭൂഖണ്ഡങ്ങൾ വെട്ടിപ്പിടിക്കുന്ന
പരീക്ഷിത്തിൻ പുഴുവാണ് നീ.
അനക്കമറ്റ
ഞങ്ങളുടെ ജലാശയത്തിൽ
നിൻ നിലയില്ലാ ശബ്ദം
മുക്കിളിയിട്ടു മുഴങ്ങുന്നു.
ഇരുണ്ടു കനത്ത
രാവിൻ മുടിത്തഴപ്പിൽ
വെള്ളിലത്തുമ്പത്ത്
നിലാവിറ്റിച്ചു കാട്ടി
പൂർണചന്ദ്രനെ
ചുടലയിൽ വെക്കുമ്പോൾ
നിലത്തിഴയുന്ന നിഴലുകളിൽനിന്ന്
പാതിരകൾ പടം നിവർത്തുന്നു.
പണയം വെച്ച പാതിയും
പറിച്ചെറിഞ്ഞ പാതിയും
കൂട്ടിക്കിഴിച്ച് കിട്ടിയത്
കൈമടക്കു നല്കി
കിടാങ്ങൾ ഉറഞ്ഞു ചിരിക്കുന്നു,
നിന്റെ അതേ താളത്തിൽ-
കുഹ്... ഹഹഹ... ഹഹഹ...

(മാതൃഭൂമി ഓണപ്പതിപ്പ്, 1999)

— 26 —

# ഘടാകാശം

ദരിദ്രയെയും ഫൂക്കോയെയും
കൈത്തലത്തിലെടുത്ത്
നക്ഷത്രങ്ങൾക്കുമപ്പുറത്തേക്ക്
അയാൾ ദൃഷ്ടി പായിക്കുമ്പോൾ
ഞാൻ വിറച്ചുപോകുന്നു.
വേരുകളടർന്ന വടവൃക്ഷം
കീഴ്മേൽ മറിയുന്നുവോ?
കയറ്റവും ഇറക്കവും
കുഴഞ്ഞുമറിഞ്ഞ്
ദിശാബോധമറ്റ എറുമ്പുകൾ
അമ്പരന്നു നില്ക്കുന്നു.
അണ തകർന്ന്
അണി മുറിഞ്ഞ്
വിസ്മയത്തിന്റെ മുൻവരമ്പിൽ കാലൂന്നി
ഭാഷണക്കൊട്ടുംകാടുകളിലും
അധികാരക്കൊട്ടമുടികളിലും
ദൃശ്യസാധ്യതകൾ തേടുന്നു.
തലകീഴായി തൂങ്ങുന്ന
കിളിമൊഴികളിലെ
മഹാത്ഭുതങ്ങൾ
കറുത്ത തൂവാലകൊണ്ടയാൾ
മൂടിയിടുന്നു.
മാന്ത്രികവടിയാൽ
തട്ടിയും തടവിയും

താടിയുഴിഞ്ഞ് കീശ തപ്പിയും
മലർക്കെത്തുറക്കുന്ന
ഇരുമ്പുപെട്ടിയിൽനിന്ന്
പോസ്റ്റ് മോഡേണിസത്തിന്റെ
കുരുടിപ്പാമ്പുകൾ തല പൊക്കുന്നു.
അഗാധമായ കൊക്കയിലേക്കവ
തലകുത്തി വീഴും മുമ്പേ
ഉറുമാൽച്ചുറ്റിലുടക്കിയ
വെൺപിറാവുകളായി
പെട്ടിയിൽ വന്നു മുളയുന്നു.
തീറെഴുതിത്തന്ന
വാമൂടിക്കെട്ടിയ
മൺകുടത്തിലേക്ക്,
ആദിയുമന്തവുമില്ലാത്ത
നിഗ്രഹനിലകളിലേക്ക്
എന്റെ സർപ്പഭീതികൾ
കുനിഞ്ഞുനോക്കുന്നു.
മൊഴികളിൽ
മഹാത്ഭുതമില്ലാത്ത
കപോതശബ്ദം
തൊണ്ടയിൽ കുറുകിവറ്റുന്നു.
ഇരുളനങ്ങുന്ന കുടത്തിനകത്ത്
പരിക്കു പറ്റിയ മേഘംപോലെ
ഒരു 'ജലഛായ' ചിത്രം.
ഭ്രൂണചലനത്തിന്റെ ആവേഗം
അത് ഊതിക്കെടുത്തുന്നു.
നിറമില്ലാത്ത,
നിലയില്ലാത്ത
നിഴൽപ്പരപ്പിൽ
ഉദിച്ചുയരാൻ ആകാശമില്ലാതെ
തുമ്പൊടിഞ്ഞ നക്ഷത്രങ്ങൾ
അവക്ഷിപ്തമായടിയുന്നു.
കുടത്തിനകത്ത്
കുടുങ്ങിപ്പോയ ഗന്ധം
സുഗന്ധമോ, ദുർഗന്ധമോ?
പറയാനാവുന്നില്ല!

(കേരളകൗമുദി ഓണം വിശേഷാൽ പ്രതി, 1999)

## — 27 —

# മരം

അയൽപക്കത്തെ പ്ലാവിലെ
ചക്ക കണ്ടു മുരണ്ടു ഞാൻ
പാഞ്ഞു കേറീ മനം ചാഞ്ഞ
ചില്ലയിൽ പുളിനീറുപോൽ.

മുറ്റം നിറയെ ഞെട്ടറ്റു
വീഴും പഴുത്ത പ്ലാവിലെ
തുത്തുവാരിക്കുഴഞ്ഞെന്റെ
മുതുകും മൃദുകരങ്ങളും.

പ്ലാവിൻ നെഞ്ചമർന്നെന്റെ
മതിലിൻ നെറ്റി പിളർന്നുപോയ്
വായ്ച്ച ശാഖകൾ ചാഞ്ഞമർ-
ന്നേത്തൻ കുമ്പടഞ്ഞുപോയ്.

ഇരുട്ടുകേറി കോട്ട കെട്ടി
ജനൽപ്പാതയിരുണ്ടുപോയ്
ഉദയം പാലമരക്കൊമ്പിൽ
തൂക്കിയിട്ട വിളക്കും പോയ്.

ചിലച്ചു കളിയാക്കി കിളി
കാഷ്ഠിച്ചെന്റെ മനസ്സിലും
മരം വളർന്നു പടർന്നേക-
ഛത്രം പിടിച്ചു നിൽക്കവെ.

ഇടഞ്ഞു, നോവിൻ കാരമുള്ളുകൾ
കുടഞ്ഞൂ പ്രിയ ചാനലിൽ

ഇടംവലം നോക്കാതീറ-
പ്പരുവായ്  വിങ്ങിയിരുന്നു ഞാൻ.
കഴുത്തു നീട്ടും കൊന്നയ്ക്കായ്
കുരലാരം പണി തീർന്നതും
വിഷുപ്പൈങ്കിളി കാവേറി
ചൂളമിട്ടു വിളിച്ചതും
കളിപ്പൈതങ്ങളാർപ്പിട്ടു
മാമ്പൂമിഴി തുറന്നതും
നോക്കാ, തീറൻ കാറ്റു മുട്ടും
ജാലകം കുറ്റിയിട്ടു ഞാൻ.

ഇടയ്ക്കൊരു ദിനാന്ത്യത്തിൽ
തുറക്കും പാതി വാതിലിൽ
മുള്ളും മധുരവും നീട്ടി-
ച്ചിരിപ്പൂ നല്ലയൽക്കാരി:

"ആദ്യമായ്  കായ്ച്ചതാകെ
രണ്ടേ രണ്ടു, പിശുക്കിയാ-
ണെങ്കിലും തേൻവരിക്കയാ-
ണിനം, ഒന്നിങ്ങിരിക്കട്ടെ!"

(മാധ്യമം ആഴ്ചപ്പതിപ്പ്, 1999)

— 28 —

## മൗനം

കണ്ടതില്ലിതേവരെ
കാശി ഞാൻ, പ്രവാഹിനീ
ഗംഗയും ക്ഷേത്രോദാര
ഗോപുരാകാരങ്ങളും
കാണുമതെപ്പൊഴും ദൂരെ
കണ്ണുനീർ തിരകളിൽ
എനിക്കു പുറം തിരി-
ഞ്ഞേകയായ്  നില്ക്കും രൂപം!

വാർന്നൊഴുകുന്ന ശ്യാമ-
നദിപോൽ പുറംവടി-
വൂഴിയെത്തൊട്ടും ചെറു-
പാദങ്ങൾ നടുങ്ങുന്ന
കൈകളിൽ കാലത്തിന്റെ
നേർക്കുയർത്തിയ രൂക്ഷ-
ഗന്ധകച്ചിതാഗ്നിയിൽ
പ്രണയപ്പുകച്ചുരുൾ.

ആരിവൾ?  മുഖം തരാ-
തേതു നൂൽവരമ്പിലൂ-
യെത്തിയെൻ മുൻപേ മുന-
മ്പേറി നിർഭയം നില്പൂ?
ആരിവൾ തലകുത്തി
വീണൊരു ഖഡ്ഗംപോലെ
ഉടൽ തുള്ളുമ്പോൾ ശിരോ-

ഭാരമായ് തപിക്കുന്നു?
അറിയാനടുത്തു ചെ-
ന്നാദരം നമസ്കരി-
ച്ചരികിൽ ചന്ദ്രോദയം
കാത്തു കണ്ണുയർന്നതും
ഒടുങ്ങാപ്പകയ്ക്കുള്ളി-
ലൊതുങ്ങാക്കണ്ണീരിന്റെ
ഭിക്ഷയേറ്റെരിഞ്ഞെന്റെ
കാഴ്ച, ഹാ! പുകഞ്ഞുപോയ്!

ഞാനറിഞ്ഞിതാണംബ!
കാശികന്യക, കാലം
ഞാണൊലി മുഴക്കും മു-
മ്പിയിരിൽ പ്രേമത്തിന്റെ
വിളികേട്ടവൾ, വ്രീളാ-
വിവശം സ്വയംവര-
മണ്ഡപത്തിലേക്കിടം-
കാലറിയാതേ വെച്ചോൾ,

ഇടിവെട്ടീടുംവണ്ണം
വില്ലുകൾ നുറുങ്ങുമ്പോൾ
ഇടിയും കിനാവിന്റെ
കുരുന്നായ് മരിച്ചവൾ!

ഇവൾക്കു മീതെ തണ-
ലൊക്കെയും വെട്ടീ, പുത്തൻ
പന്തൽ തീർത്തവർ കളി-
ത്തട്ടുകൾ ചമച്ചപ്പോൾ
വേഷമിട്ടരങ്ങേറി-
യിറങ്ങി രാജത്വവും
കന്യകാത്വവും വാതു
വെച്ചുകൊണ്ടടരാടി.

ഒരു ജന്മംകൊണ്ടൊരു
കാട്ടുപൂവുതിരുന്ന
ജീവന്റെ മാത്രം കഥ
അറിയാതുരയ്ക്കുമ്പോൾ
ഇരുജന്മം കൊണ്ടാത്മ-

ഗൗരവം ധർമ്മത്തിന്റെ
തിരുനെറ്റിയിൽ കൊത്തി
ച്ചേർത്ത നീ നവശില്പി!

അർദ്ധദേവനിൽ നാരി-
യെന്ന സങ്കല്പം തിരി-
ച്ചിട്ടു നീ തീയൊപ്പിട്ടു
പുഷ്പനിർമ്മിതികളിൽ
സാർത്ഥകം ജന്മം പിന്നെ
അഴലാനെന്തേ? ദേവി
അല്പഹാസത്തോടെന്നെ
നോക്കുന്നു, മൊഴിയുന്നു:

"കണ്ണുനീർ തുടയ്ക്കുവ-
തെങ്ങനെ ശരശയ്യ
വേട്ടയാടുമ്പോൾ വന്നീ
മുനമ്പിൻ തുമ്പോളവും?
ചോര വാർന്നൊലിക്കുന്ന
ചോദ്യമൊന്നേകാന്തത്തിൽ
ഉത്തരം തേടിത്തൊട്ടു
പിറകിൽ ജ്വലിക്കുമ്പോൾ?

ഏഴു മക്കളെയാഴി-
ത്തട്ടിലേക്കെറിഞ്ഞൊന്നിൻ
തുടിപ്പീ കരിമ്പാറ-
ധർമ്മത്തിൽ കുടഞ്ഞിട്ടു
കടലും നെഞ്ചിൽ തേങ്ങി
കടുകിൻ വരമ്പേറി
വീർപ്പപോൽ മാഞ്ഞോരമ്മ
ഗംഗയായിരമ്പുമ്പോൾ?
തിളയ്ക്കും മുഖം പൂഴ്ത്തി
അത്തിരുമാറിൽ ചേർന്നു
പൊടിഞ്ഞു പൊടിഞ്ഞുള്ളം
കണ്ണാടി നോക്കീടുമ്പോൾ?

നില്ക്കയാണേകാകിയാ-
യേകമാം സത്യത്തിന്റെ
മുൾമുനത്തുമ്പിൽ കിത-

പ്പാറ്റുമെൻ കുതിരകൾ.

എവിടെപ്പിഴച്ചെന്നു
ഞാനറിയുന്നു, മൗനം
പുഴുവാക്കിയ ജന്മം
വീരശൃംഖലമാണിന്നും!”

(ഗ്രന്ഥാലോകം, 1999)

— 29 —

# താക്കോൽ

അരുതെന്റെ നെഞ്ചിലേ-
ക്കുന്നം തൊടുക്കല്ലേ
കരുണതൻ നനവറ്റ
കണ നീ തൊടുക്കല്ലേ,
നഗരക്കുശുമ്പിന്റെ
മുളകിട്ടു, നിറമേറ്റി
ഏവർക്കുമഴലായ്
പൊരിച്ചെടുത്തീടല്ലേ
ഇവിടെയെൻ നിറുകയിൽ
നുരയുന്നൊരോർമ്മയിൽ
നിറയെക്കിടാങ്ങളു-
ണ്ടാർപ്പുണ്ട്, ചിരിയുണ്ട്,
മലരൊക്കെ നിറയുന്ന
മധുവുണ്ടതുറിവ-
ന്നൊഴുകിത്തുളുമ്പുന്ന
കുളമുണ്ട്, കളമുണ്ട്,
വെറുതെ കൊറിക്കുന്ന
ചെറുവർത്തമാനവും
തിരിയെത്തരാത്ത
കടങ്ങളും വെറ്റില-
പ്പങ്കിൽ തുടുക്കുന്ന
തത്തപ്പകർച്ചയും
തരികില്ല, തരികില്ല-
യെങ്കിലും തിരയുമ്പൊ-

ഴറിയുന്ന കഷ്ടമ-
ത്താക്കോൽ മറന്നു ഞാൻ.

(ഉണ്മ ഓണപ്പതിപ്പ്, 1999)

— 30 —

## കല്ലുകൾ

ഉണ്ടെനിക്കെന്റെയുള്ളിൽ കരിങ്കല്ലു-
രുണ്ടുകൂടിയ മൗനം, കനത്തും
കറുത്തുമേതോ ശിലായുഗപ്രേതമായ്
എന്നകക്കാമ്പിലാണ്ടു കിടക്കുന്നു.

തുള്ളിനേരിന്റെ നീരിറ്റുവീഴുകിൽ
തള്ളിനീക്കും തിളച്ച നീരാവിയായ്
കാട്ടുപോത്തിൻ കുളമ്പൊച്ച കേൾക്കുകിൽ
പ്രാണനൂതിക്കമിഴ്ന്നു കിടന്നിട്ടും.

ജാലകങ്ങളെ പേടിയാണാവഴി
പാഞ്ഞുകേറും കിരാതരൂപങ്ങള-
ല്ലുള്ളിലേക്കുറ്റുനോക്കും മുനവെച്ച
നേർവെളിച്ചമെൻ കാഴ്ചയ്ക്കു മുള്ളുകൾ.

മീതെയെന്നിൽ പ്രഭാതം തുളുമ്പിയും
പൂമരം ചാഞ്ഞു പുല്കിയും നില്ക്കവെ
താഴെ സിന്ദൂരമാട്ടും വനശ്യാമ-
ദുർഗതൻ ശോണമൗനമായ്ത്തീർന്നു ഞാൻ.

തെച്ചി പൂക്കും സിരകളിൽ വേരൂന്നി
വേട്ടുറപ്പിച്ചു നില്പുണ്ടൊരാൺമരം
വേവുമാത്മാവിലൂറും വിയർപ്പിലും
തീരെയാകാശബിംബം മറയ്ക്കുവോൻ.

മണ്ണിൽനിന്നു മുളച്ചുപൊന്തുമ്പൊഴും
മൺതരിയെന്നു പുച്ഛിച്ചു പാദുക-

ച്ചോട്ടിലിട്ടു മെതിക്കുന്നു ഭൂമിയെ
കാമിതങ്ങൾ കടഞ്ഞെടുത്തീടുവാൻ.
എന്തൊരാവാസഭീത വ്യവസ്ഥയി-
ക്കുറ്റനാൺപീലി നീർത്തിക്കുടയുമ്പോൾ
പാലുറയ്ക്കുന്നതിൻ മുമ്പേയിളംകതിർ
വാക്കുറഞ്ഞു ശിലകളായ് മാറുന്നു.

ആയിരം മിഴിപ്പൂതം കിതപ്പാറ്റ-
മാലവട്ടപ്പനകൾക്കു താഴെയായ്
മസ്തകത്തിൽ മദം പൂത്തു പൊട്ടുന്ന
കാട്ടുകൈതകൾ ചിന്നം വിളിക്കവെ,
കൊച്ചുകൊച്ചു തിളക്കങ്ങൾ, തീപ്പൊരി-
സ്വപ്നമൂതുന്ന മിന്നാമിനുങ്ങുകൾ,
മുൾപ്പടർപ്പിൽ മുഖം കോർത്തുടക്കുന്ന
രാത്രിതൻ പ്രേതമൗനമായ്ത്തീർന്നു ഞാൻ.
ക്ഷോഭസന്ധ്യകൾ വീണടഞ്ഞാകാര-
മാർന്ന ശാപക്കടലിൻ നിറുകയിൽ
ചാന്ദ്രശൈത്യം കുടഞ്ഞസ്തചേതന
പാടകെട്ടിയ പാറയായ് മാറി ഞാൻ.

മഞ്ഞുരഞ്ഞും മഴക്കാറ്റു ചീറ്റിയും
വേനലൂതിപ്പഴുപ്പിച്ചുരുക്കിയും
മുപ്പെരുമാൾ ചരിതങ്ങൾ കാതോർത്തു
നീറിനീറിപ്പതിഞ്ഞേ കിടപ്പു ഞാൻ.

അന്ധകാരം വടിച്ചൊഴി, ച്ചേങ്ങുന്ന
നെഞ്ചിലിട്ടു തിളപ്പിച്ചു ധർമ്മങ്ങ-
ളെത്രയെത്രയലക്കി വെളുപ്പിച്ചു
കാറ്റിലായും കൊടിക്കൂറ തീർക്കുവാൻ!
മുദ്രവെച്ച പെൺവാക്കുകൾക്കില്ലാത്ത
മുക്തിയിന്നാത്മഭാരമായ് മൗനത്തി-
നാർദ്രഗർഭം കലങ്ങു, ന്നുരുൾപൊട്ടി
നാവു നീട്ടി ജ്വലിക്കുന്നു കല്ലുകൾ.

ഇല്ലുറക്കം, മയക്കം, വഴങ്ങുവോർ-
ക്കില്ല നേരവും കാലവും നീതിയും
ഞാനുണർന്നേ കിടക്കുന്നു, തൃക്കഴൽ
പൊക്കിയെന്നെയുണർത്താനൊരുങ്ങൊലാ!

നോവുതീറ്റിത്തഴകുന്ന കൈയിൻ
കടങ്ങളല്ലോ പെരുകുന്നു, കേവല
നിദ്രയിൽ നിന്നുണർത്തുവാൻ ഞാനിനി
ഏതുണർത്തുപാട്ടങ്ങോട്ടു പാടണം?

(മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1999)

— 31 —

## കുഞ്ഞിപ്പെങ്ങൾ

(ലോകബോധമില്ലാത്ത പെണ്ണിന്റെ നിഷ്കളങ്കതയിൽ അവളുടെ നൈർമ്മല്യത്തിനും സൗന്ദര്യത്തിനും മാറ്റു കൂടുതലാണെന്ന ഒരു ബോധം അറിഞ്ഞും അറിയാതെയും നമ്മിൽ നിലനിന്നുപോന്നിട്ടുണ്ട്. ബഷീറിന്റെ 'കള്ളബുദ്ദൂസ്' എന്ന ഈ ശുദ്ധലാവണ്യസങ്കല്പംതന്നെയല്ലേ നാടോടിസാഹിത്യത്തിലെ 'കുഞ്ഞുപ്പെങ്ങൾ?' പുതിയ കാലത്തുനിന്നുകൊണ്ട് കുഞ്ഞിപ്പെങ്ങളെ പുനർവായിക്കുകയാണ് ഈ കവിത. സൂര്യനെല്ലികൾ ഓർക്കുക.)

### 1 ഒന്ന്

ഏഴാങ്ങളയ്ക്കൊരു കുഞ്ഞിപ്പെങ്ങൾ
എഴുതിരിയിട്ട വിളക്കുപോലെ,
നിറപറയ്ക്കുള്ളിലെ കതിരുപോലെ,
കരിമലക്കുമ്പിലെ മലരുപോലെ!

അമ്മയില്ലച്ഛനില്ലാളിയില്ലാ-
തയൽവാസമില്ലാത്ത കാടകത്തിൽ
നിറമുള്ള പകലുകൾക്കൊപ്പമേറ്റം
നിറവുള്ള ചന്തം വഴിഞ്ഞു മെയ്യിൽ

നിധിയെടുക്കാൻ പോകുമാങ്ങളമാർ
തഴുതിട്ടു വാതിൽ പുറത്തു പൂട്ടി:
"മിണ്ടല്ലെ, മൂളല്ലെ പെങ്ങളെ നീ
കരുതിയിരിക്കെങ്ങളെത്തുവോളം!

ചൂളം വിളിക്കുമീ വല്യാങ്ങള
ചീറ്റുന്ന കാറ്റിൽ കടൽ കണക്കെ,

രണ്ടാമനന്തക്കൻ മുളങ്കാട്ടു പോൽ,
മൂന്നാമനാളുന്ന തീനാളമായ്,
നാലാമനരിയിലേക്കമ്പുപോലെ
അഞ്ചാമനാതിരപ്പേമാരിയായ്
ആറാമനന്തിരുന്ന പൂവുപോലെ
ഏഴാമനോടക്കുഴലുപോലെ
പേർ ചൊല്ലി നിന്നെ വിളിച്ചിടുമ്പോൾ
നേരെന്നു വാതിൽ തുറക്ക വേണ്ടൂ!"

വിരിനെഞ്ചു കാട്ടിത്തലയുയർത്തി
മഴു തോളിലിട്ടു കൈനീട്ടി വീശി
മലനിരയ്ക്കിടയിലൂടവരു പോകും
വഴിയും കൊതിച്ചവൾ വിങ്ങിനിന്നു...

കഥയിൽ തളിർത്തു കിടക്കുമെത്ര
കാട്ടുണ്ട് മേട്ടുണ്ട് കടുവയുണ്ട്
വാ പിളർന്നിഴയുന്ന നാഗമുണ്ട്
വഴിമുടക്കുന്ന കിരാതരുണ്ട്
പാടുന്ന പാറയിൽ മുടിയഴിച്ചി-
ട്ടാടുന്ന ഗന്ധർവ്വകന്യയുണ്ട്
ഒഴുകുന്ന കാട്ടാറിലൂടെ നീട്ടി-
ത്തുപ്പുന്ന പാതാളയക്ഷിയുണ്ട്
ഒരു നോക്കു കാണുവാനാർത്തിപൂണ്ടാ-
കണ്ണും കിനാവും വിടർന്നു വന്നു...

## 2 രണ്ട്

പുലരിക്കുടപ്പനൊടിച്ചെടുത്തി-
ട്ടുലയൂതി നെഞ്ചിലടുപ്പുകൂട്ടി,
കരിമുകിൽക്കൊമ്പനെ കരളിൽ നമ്പി
തുമ്പിക്കുടം ചെരിച്ചാറൊഴുക്കി,
ആറ്റക്കിളികളെ പാട്ടിലാക്കി-
അരി ചേറ്റിയാറ്റിക്കലത്തിലിട്ടു,
പൂമ്പൊടിച്ചാറിൽ പുഴുങ്ങിവറ്റി-
ച്ചായിരം സ്വപ്നം പൊരിച്ചെടുത്തു.

ഇലവിരിച്ചേഴതിൽ ചോറുമിട്ടു
പതിനെട്ടു കറിയും വിളമ്പിവെച്ചി-

ട്ടുപ്പനീരുതിരുന്ന മിഴി വടിക്കെ
പെട്ടെന്ന്  വാതിലിൽ മുട്ടു കേട്ടു.
തഴുതിട്ട വീടിന്നകത്തു കാറ്റിൻ
പഴുതിലൂടൊരു ചൂളമൊഴുകി വന്നു
ആങ്ങളക്കില്ലാത്തൊരിക്കിളിയോ-
ടീണത്തിലതു വന്നു നെഞ്ചിൽ വീണു.

കാറ്റോ തുറന്നതെന്നറിവതില്ല
കയ്യോ തുറന്നതെന്നറിവതില്ല
അരയാൽ ചിലമ്പിട്ടു തുള്ളിവന്നാ
കിളിവാതിലൊക്കെ തുറന്നതാരോ!

മുറ്റത്തു നിഴലിന്നനക്കമുണ്ട്
ചുറ്റിപ്പിടിക്കുന്ന ഗന്ധമുണ്ട്
ചുവടെടുത്തായുന്ന താളമുണ്ട്
തഴുതിട്ട വാതിൽ തുറപ്പതുണ്ട്.

കുതിരപ്പുറത്തേക്കെടുത്തുയർത്തും
വിരുതിൽ വിരലിൻ കരുത്തറിഞ്ഞും
വിരിമാറിലാകെത്തളർന്നു പൂവൽ-
ക്കൊടിപോലെ വാടിക്കിടന്നു പെങ്ങൾ.

ഏഴിലംപാലതൻ നിറുകയിൽ നി-
ന്നൊരു മുറിപ്പാട്ടിൽ കുയിൽ മൊഴിഞ്ഞു:
"നിധി വാരിയാനപ്പുറത്തു കേറീ-
ട്ടാങ്ങളമാരു വരുന്നതുണ്ടേ!"

കണ്ടില്ല, കേട്ടില്ല കുഞ്ഞിപ്പെങ്ങൾ
കുന്നും കിടങ്ങും മറികടക്കേ
കുന്നായ്മയൊന്നും തിരിഞ്ഞിടാതെ
വഴിമറന്നേതോ ദിശക്കു പോയി...

## 3 മൂന്ന്

മുത്തും പവിഴവും വാരിവന്നോ-
രോടിക്കിതച്ചു നടന്നു കാട്ടിൽ
മുത്തിലും മുത്തായ കുഞ്ഞിപ്പെങ്ങൾ
കൈവിട്ട വീട്ടിൽ പൊറുതി വയ്യ!
കുതിരക്കുളമ്പടിപ്പാട്ടു രാവിൻ

മഴയിലൂടാരോ വടിച്ചു മായ്ച്ച
അടയാളമാരോമലിട്ടതില്ലേ?
പിടിവള്ളി തേടിയവരലഞ്ഞു.

ഉടയാടത്തുമ്പിൽ നറുങ്ങുമില്ല
മണിമാല പൊട്ടിച്ച മണിയുമില്ല
കുടമുല്ലയിതളും വിതറിയില്ല
കുന്നിക്കുരുമണിച്ചോപ്പുമില്ല!

കരിമല്ലരേഴും തിരഞ്ഞു മണ്ണും
മലയും മരങ്ങളും നീരൊഴുക്കും
ചരിവും ചുരവും ചതുപ്പുകളും
തിരയുവാനിനി ബാക്കിയൊന്നുമില്ല.

അഴലടങ്ങാതിടനെഞ്ചു പൊട്ടി
മഴ വലിച്ചെറിയുന്നു കുഞ്ഞാങ്ങള
എഴുകടലൊന്നിച്ചിരമ്പിനില്ക്കേ
വീണ്ടും കുയിൽ മുറിപ്പാട്ടു പാടി:

"വരുവതുണ്ടങ്ങേ ചെരിവിലൂടെ
വഴിയറിയാത്തൊരു പെൺകിടാവ്
മിഴികളിൽ കാടിന്നിരുട്ടു പേറി
ചുവടുറയ്ക്കാത്ത നടത്തയോടെ.

ചിരിയുടഞ്ഞിറുകിയ ചൊടികളാണ്
ചുടലക്കിനാവിന്റെ ചാരമാണ്
വരിനെല്ലു കതിരിട്ട കാഴ്ച കണ്ടോർ-
ക്കിതുകണ്ടു പ്രാണൻ പൊലിഞ്ഞു പോകും.

കിളിവാതിലൊക്കെയും കുറ്റിയിട്ടു
തഴുതിട്ടു തടവറയ്ക്കുള്ളിലാക്കാൻ
നമ്പല്ലെ, വെമ്പല്ലെ വല്യാങ്ങളേ!
തള്ളിപ്പറയല്ലെ കുഞ്ഞാങ്ങളേ!"

(കലാകൗമുദി, 2000)

# ലളിതാ ലെനിൻ



മലയാളത്തിലെ ഒരു കവയിത്രിയാണ് **ലളിതാ ലെനിൻ**. കേരള സർവകലാശാലയിലെ ലൈബ്രറി സയൻസ് വിഭാഗം മേധാവിയായിരുന്നു.

1946-ൽ തൃശ്ശൂർ ജില്ലയിലെ തൃതല്ലൂരിൽ ജനിച്ചു. കേരള സർവകലാശാലയിൽ നിന്നും രസതന്ത്രം, ലൈബ്രറി സയൻസ് എന്നീ വിഷയങ്ങളിൽ ബിരുദം നേടി. 1976-ൽ മൈസൂർ സർവ്വകലാശാലയിൽ നിന്നും ലൈബ്രറി സയൻസ് ബിരുദാനന്തര ബിരുദ പരീക്ഷയിൽ ഒന്നാം റാങ്കും ഡോ. എസ്.ആർ. രംഗനാഥൻ സ്വർണ മെഡലും കരസ്ഥമാക്കി. 1977-ൽ പീച്ചിയിലെ വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ ലൈബ്രേറിയനായി ജോലിയിൽ പ്രവേശിച്ചു. 1979-ൽ കേരള സർവകലാശാലയിൽ അധ്യാപികയായി ജോലി ലഭിച്ചു. 1990 മുതൽ 1995 വരെ ലൈബ്രറി സയൻസ് വിഭാഗം മേധാവിയായിരുന്നു. 2006 മാർച്ച് 31-ന് ജോലിയിൽ നിന്നും വിരമിച്ചു.

## 4 കൃതികൾ

- കരിങ്കിളി (കവിത)
- കർക്കിടവാവ് (കവിത)
- നമുക്കു പ്രാർത്ഥിക്കാം (കവിത)
- കടൽ (കവിത)
- സമാഹരിക്കാത്ത കവിതകൾ (കവിത)
- മിന്നു (കുട്ടികൾക്കായുള്ള നോവൽ)

## 5 പുരസ്കാരങ്ങൾ

- ബാലസാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം (1986)

- അബുദാബി ശക്തി അവാർഡ് (1996)
- മൂലൂർ പുരസ്കാരം (2001)

SAYAHNA • FOUNDATION •

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.